## പരമദുഃഖം

ഇന്നലെപ്പാതിരാവിൽച്ചിന്നിയ പൂനിലാവി–
ലെന്നെയും മറന്നു ഞാനലിഞ്ഞുനിൽക്കേ

താനേ ഞാനുറക്കനെപ്പൊട്ടിക്കരഞ്ഞുപോയി:
താരകവ്യൂഹം പെട്ടെന്നുലഞ്ഞുപോയി!

കാരണം ചോദിച്ചില്ല പാതിരാക്കിളിപോലും,
കാറ്റെൻ വിയർപ്പുതുള്ളി തുടച്ചുമില്ല.

ചാരത്തെ മരമൊറ്റപ്പാഴില പൊഴിച്ചില്ല,
പാരിടം കഥയൊന്നുമറിഞ്ഞുമില്ല.

കാലടിച്ചുവട്ടിലെപ്പുല്ലും കുലുങ്ങീലെ:ന്നാൽ–
ക്കാര്യം ഞാനൊരാളോടും പറഞ്ഞുമില്ല!

എന്തെന്നെനിക്കുപോലും ചിന്തിക്കാൻ കഴിയാത്ത–
തെമ്മട്ടിലപരനോടുണർത്തിടാവൂ?

## ആത്മകഥ

നിർത്തുകയാണിക്കാവ്യനിർമ്മാണമെന്നേയ്ക്കുമെ–
ന്നെത്രവട്ടമോ ചെയ്തൂ വിഫലശപഥം ഞാൻ:

ബുദ്ധിതൻ കടിഞ്ഞാണമെപ്പോഴും നുറുങ്ങിപ്പോ–
യുദ്ധതജീവന്റേതാം കുളമ്പിൻ കുതിയേല്ക്കേ.

പല മാസമായെന്നെക്കരളുമസ്വാസ്ഥ്യത്താൽ–
പ്പകലും രാവും ഭേദമറ്റവയായീ വീണ്ടും.

ഒരൊറ്റ സ്വാദായ്ത്തീർന്നൂ മോരിനും ചമ്മന്തിക്കു;–
മുറങ്ങീ കഷ്ടിച്ചെങ്കിലുണർന്നൂ സ്വപ്നം മൂലം.

മുഴങ്ങീടുന്നൂ ഹൃത്തിലജ്ഞാതനിനദങ്ങ:–
ളെഴുന്നേല്ക്കുന്നൂ നട്ടപ്പാതിരയ്ക്കെഴുതുന്നൂ.

പച്ചവെള്ളമേ മേശവിളക്കിലൊഴിക്കുന്ന–
തു,ത്തരം പറയുന്നു മിക്കതുമസംഗതം.

പിന്നെ ഞാൻ ദിനപത്രം വായിച്ചീലൊടുവോളം,
പിന്നെ ഞാനോർമ്മിച്ചീലാ ഞാനെന്നൊരാളുണ്ടെന്നും.

വലുതും ചെറുതുമായഞ്ചാറു കവിതക–
ളൊഴുകിക്കഴിഞ്ഞപ്പോളിരിക്കപ്പൊറുതിയായ്.

അന്നു ഞാനുണരുന്നൂ: ചാരെ നിൽപ്പല്ലോ പൈത–
ലച്ഛന്റെ മാർച്ചൂടിന്നായ്പ്പഞ്ചാരയുമ്മയ്ക്കായും.

അമ്മ ശാസിപ്പൂ, ''മെലിയുന്നു നീ'', പിന്നെസ്സഹ–
ധർമ്മിണി കെഞ്ചുന്നൂ, ''തെല്ലൗഷധം സേവിച്ചെങ്കിൽ.''

അരുമസ്സഹോദരരച്ഛനും നിർദ്ദേശിപ്പൂ,
''ഒരു മാസമെങ്കിലും വിശ്രമിക്കണം മേലിൽ''.

എനിക്കായുയിർപ്പോരീ നല്ല ജീവാത്മാക്കളെ
നിനയ്ക്കെപ്പെട്ടെന്നെന്റെ കണ്ണുകൾ നിറയുന്നു.

ഇവർതൻ സ്നേഹത്തിന്റെ മാധുര്യം നുണച്ചുംകൊ–
ണ്ടിവരെസ്സേവിക്കലിൽ മുങ്ങുവാൻ സാധിച്ചെങ്കിൽ!

പൊരിഞ്ഞേ, നിന്നേവരെജ്ജീവനിൽസ്സമാധാന–
മറിഞ്ഞീലെ:– ന്നെപ്പോലെക്കൃതഘ്നനുണ്ടോ വേറെ?

പിന്നെ ഞാൻ പ്രകൃതിയെസ്സപ്രേമം സമീക്ഷിപ്പൂ:
മുന്നേപ്പോൽക്കണിശത്തിലുദിക്കുന്നുണ്ടേ സൂര്യൻ,

അസ്തമിക്കയും ചെയ്വൂ പതിവിൻപടി: എന്നാ–
ലഭ്രനീലിമമാത്രമപ്പാടെ മാറിപ്പോയീ.

മാരിപെയ്യുമ്പോളല്ലോ മേശമേൽക്കുനിഞ്ഞൂ ഞാൻ,
മഞ്ഞു വീഴുന്നുണ്ടിന്നു നിവരും ശിരസ്സിന്മേൽ!

ആവൂ തന്നിച്ഛയ്ക്കൊത്തു രമ്യജീവിതധർമ്മ–
മാചരിക്കാഞ്ഞിട്ടൊരാൾ നിത്യനൊമ്പരം കൊൾവൂ:

സാശ്ചര്യമാരാധിപ്പൂ കവിയാമവനെയോ
സാസൂയനയനാരവിന്ദത്താൽപ്പാവം ലോകം?

# ഝംകാരം

വിുറ്റുമണ്ണിന്റെ കരളിലെക്കണ്ണുനീ–
രിറ്റിൽനിന്നാദ്യം കുരുത്ത പൂവേ,

മാനവവംശസുഷുമ്നതന്നറ്റത്തൊ–
രാനന്ദമായി വിടർന്ന പൂവേ,

ആയിരം കൂർത്ത ദളങ്ങളോടെ പതി–
നായിരം വർഷം പുലർന്ന പൂവേ,

ആത്മാവിനെന്നും ജരാനര തീണ്ടാത്തോ–
രാലോചനാമൃതം തന്ന പൂവേ,

തൂവെള്ളത്താമരപ്പൂവേ, നിരന്തരം
തൂവുകതൂവുക സൗരഭം നീ.

ഊഊഊ

ഞാനതുൾക്കൊണ്ടു മയങ്ങവേ ചിത്തത്തിൽ
ജ്ഞാനക്കൺപോള വിടർന്നിടുന്നു;

ദീനാനുകമ്പയാലാവിയായ്ത്തീർന്നു ഞാൻ
ഗാനംപോൽക്കാറ്റിൽപ്പരന്നിടുന്നു:

സോമത്തെസ്സാമത്തെ വെല്ലുന്നൊരു ലയ–
രോമാഞ്ചമായ് ഞാനുയർന്നിടുന്നു.

## ഗാനം

മഴ പെയ്യവേ, കാട്ടുതീയാളിപ്പടരവേ,

മഹിയൊട്ടാകെക്കുലുങ്ങീടവേ, പിളരവേ,

ഞാനൊരു ഭയാക്രാന്തനിശ്ചലമൗനത്തിങ്കൽ–
ച്ചൂളിടും പുകപോലെ നിന്നുപോയേറെക്കാലം.

ആളിനാലാളും കലമാനിനാൽക്കലമാനു–
മാലിനാലാലും മാത്രമുത്ഭവിപ്പതായ്ക്കാൺകേ,

ശശിയും മിഹിരനും ഗണനാതിഗതാര–
ച്ഛടയും തൻതൻ വഴി പോവതും സമീക്ഷിയ്ക്കേ,

അടഞ്ഞൂ മിഴി, മിഴിപ്പോളയിൽദ്ദീപം മിന്നി,
പിടയും ചുണ്ടത്തൂറി പ്രാർത്ഥനാഗാനാമൃതം.

ആ ഗാനം ചെവിയോർത്തുനിന്നുപോയാകാശങ്ങ–
ളാകവേ നിത്യാബോധരൂഢമാം തരിപ്പോടെ.

എന്തൊരു മധുരിക്കും ലയനിർഝരി! പുമാ–
നെന്റെയും മുല ചുരന്നൊഴുകീ ജീവോന്മുഖം.

ൗൗൗ

ഇരയാം പ്രാവിൻ നേരിട്ടെറിഞ്ഞ വെള്ളാരങ്ക–
ല്ലിളയിൽത്തിരിച്ചെത്തിപ്പാറയിൽത്തലതല്ലി,

പാറയോ തീമുൾമുനപ്പറ്റങ്ങൾ നീട്ടീ ചൂഴെ,–
പ്പാടുമെന്നുള്ളിൽപ്പൂത്തൂ തൽക്ഷണം വാടാമല്ലി;

കല്ലുരസുന്നൂ കല്ലിൽ, സർവ്വശക്തമാം ജ്ഞാനം
കത്തുന്നൂ, മറകയും ചെയ്വൂ ഞാനൊഴിച്ചൊക്കെ.

ഓലയിൽ,പ്പലബീജതൈലത്തിൽ, മണ്ണെണ്ണയി–
ലൂടെയക്കനകാഭ നിലയ്ക്കാതൊലിച്ചെത്തി

കൽക്കരിബ്ബാഷ്പത്തിങ്കൽ, വിദ്യുത്തിൽ, [1] 'പ്പരമാണു–
ശക്തിയി,ലൊടു [2] 'വാദിമൂല'മാം [3] സൂര്യാംശുവിൽ.

തുറന്ന വക്ത്രം[4] 'ക്രമാൽ വിടർന്നീടവേ' നില്പാ–
ണരികത്തസ്വസ്ഥാർദ്രചിത്തയാം കാലാംബിക.

ൗൗൗ

അടയുമെൻ കണ്ണിലെദ്ദീപത്തിന്നാഭോഗത്താൽ–
പ്പിടയും ചുണ്ടിൽപ്പക്ഷേ വറ്റിയില്ലല്ലോ ഗാനം:

ഇന്നുമുണ്ടതു ഗോളരാശിയെത്തരിപ്പിച്ചീ–
ടുന്നു, മത്സിരകളിൽ നിത്യമാം ലയം ചേർപ്പൂ!

## ഒരു പഴയ പുതിയ മനോരാജ്യം

അഞ്ഞൂറുകോടി വർഷങ്ങൾക്കുമുമ്പേത്തെ

യജ്ഞേയതയി,ലകർണ്യതയിൽ,

അസ്പൃശ്യതയി, ലദൃശ്യതയിൽ,ക്കൊടു–
മാഘ്രേയതയി,ലരുച്യതയിൽ,

ആഴവും നീളവും വീതിയും നേരവു–
മാവിർഭവിക്കാത്ത ശൂന്യതയിൽ.

ആദിയില്ലായ്മയി, ലന്തമില്ലായ്മയിൽ,
പ്രാദുർഭവിച്ചു തഴച്ചൊരുണ്മേ,

കാരണമജ്ഞാതമേതൊന്നിനാ,സ്സർവ്വ–
കാരണമേ, മൃദുസ്പന്ദനമേ,

നിന്നിൽനിന്നുണ്ടായ ഞാൻ (അല്ല, നീതന്നെ)
നിന്നെക്കണ്ടമ്പേ പകച്ചുവല്ലോ.

ഊഊഊ

തണ്ണീർക്കയത്തിൽക്കുമിളയും മേഘത്തിൽ
മിന്നലും ഭൂമിയിൽക്കൂണുംപോലെ,

ഹൃത്തിലനുരാഗമെന്നപോലെ, കൂർത്ത
ബുദ്ധിയിലാശയമെന്നപോലെ,

സന്താപവാരിയിലൂറും സുഖംപോലെ,
സന്തോഷവാരിയിൽ ദുഃഖംപോലെ,

പൂവിന്നിതളിൽ,പ്പറവതൻ തൂവലിൽ–
പ്പൂഴിനാഗത്തിന്നിളംതൊലിയിൽ,

ജാഗരംകൊള്ളും കരുത്തേ, നഗങ്ങളെ–
പ്പൂകിയുറങ്ങിടും ക്ലാന്തിവായ്പേ,

നിന്നെക്കണ്ടെത്തിപ്പകയ്ക്കവേതന്നെ ഞാൻ
നിന്നിലാണ്ടാണ്ടു മറഞ്ഞുവല്ലോ.

# മഹിഷാസുരമർദ്ദിനി

യദൃച്ഛയാ കേരളത്തിൻ

തെക്കേയറ്റത്തു ചെന്നു ഞാൻ:

അതിർത്തിക്കുറ്റിയോ?–ദേവീ–
വിഗ്രഹം നോക്കിനിന്നു ഞാൻ.

ശിലയാണെങ്കിലും കാണെ–
ക്കാണെ ഞാൻ നിർലയിച്ചുപോയ്

ദേവി പൂണുമലങ്കാര–
ഭാരത്തിൻ വ്യംഗ്യംഭംഗിയിൽ:

സ്വർണ്ണകോടീരവും നാനാ–
രത്നഭൂഷാകലാപവും

കസവോലും പട്ടുടുപ്പിൻ–
ഞെറിയും പുഷ്പമാല്യവും

ഇരിപ്പപ്പൂമാല തൂങ്ങും
വലത്തെബ്ഭുജനാളവും

ഊരുവിങ്കൽചേർത്ത വാമ–
ഹസ്തവും പൂണ്ടുകൊണ്ടവൾ

വിടർന്ന താമരപ്പൂവിൽ–
ക്കാലൂന്നിക്കൊണ്ടനാരതം

മംഗല്യതിലകം ചാർത്തി
നിൽപൂ നവവധൂപമം.

ഝഝഝ

പ്രിയദർശനമാ രൂപം
വിരിച്ച നിഴൽപോലവേ

എന്മനസ്സിൽ പൊങ്ങിവന്നൂ
പഴയോരു നിശീഥിനി.

ചെരാതിലെ വെളിച്ചം പോ–
ലുള്ള മന്ദസ്മിതത്തൊടെ,

തഴപ്പായകണക്കേറെ–
പ്പരുത്ത നിനദത്തൊടും,

പല്ലുപോയൊരു മുത്തശ്ശി
ചൊല്ലും കഥയിലെന്മനം

തിരുകി, ത്തൽഭുജക്കെട്ടി–
ലങ്കത്തിൽപ്പൂഴ്ന്നിരിപ്പു ഞാൻ

വലംകാലിൻ പെരുവിര–
ലീമ്പും കഥ മറക്കവേ:

‘‘പണ്ടുപണ്ടൊരു കാലത്തു
ജാതനായൊരു ദാനവൻ

മഹിഷൻ ഭൂപൻ, അശ്ശൂര–
നടക്കീ ദേവരാജനെ,

ശക്രനായിട്ടവൻ വാഴ്കെ–
ഗ്ഗതിമുട്ടിയ ദേവകൾ

ത്രിമൂർത്തിസവിധത്തിൽച്ചെ–
ന്നർത്ഥിച്ചൂ ദുഃഖമോചനം.

മൂവരും ക്രുദ്ധരാ, യപ്പോൾ–
പ്പൊഴിഞ്ഞ മുഖശോഭകൾ

കൂടിച്ചേർന്നുഗ്രതേജസ്സായ്:
മായാദേവി പിറന്നുപോയ്!

അടുത്തുകൂടാർക്കും : അത്ര–
യ്ക്കുഷ്ണവർഷിണിയാകയാൽ

ദുർഗ്ഗയെന്നു നിമന്ത്രിച്ചു
പതിന്നാലുലകങ്ങളും.

കേയൂരം കങ്കണം ചൂഡാ–
രത്നം നൂപുര, മിങ്ങനെ,

രത്നാംഗുലീയങ്ങളർദ്ധ–

ചന്ദ്രകുണ്ഡല, മിങ്ങനെ

വിചിത്രവർണ്ണമാം സ്വർണ്ണ–
ഭൂഷണം കൊണ്ടു മണ്ഡിത

വാനവും ഭൂമിയും മുട്ടി–
നിന്നൂ ലാവണ്യചണ്ഡിക!

ശൂലം ചക്രം പരശുവും
വില്ലും തൂണിയുമസ്ത്രവും

വജ്രായുധം കാലദണ്ഡം
മുഴങ്ങും മണി ശംഖവും

കമണ്ഡലു മണിപ്പാമ്പു–
മാല താമരമാലയും

ഖഡ്ഗം പാശം മൃഗത്തോലു–
മക്ഷമാലയുമാർന്നവൾ,

തുടുത്ത മദ്യം പതയും
പാനപാത്രം വഹിച്ചവൾ,

സിംഹവാഹിനി, രക്താംബ–
രാഢ്യനീലശരീരിണി

വാനവും ഭൂമിയും മുട്ടി–
നിന്നൂ ലാവണ്യചണ്ഡിക!

അവളട്ടഹസിച്ചപ്പോൾ
പ്രത്യംഗുലമുലഞ്ഞുപോയ്

സപ്താബ്ധിദ്വീപശൈലങ്ങൾ
ദൈത്യരും ദേവർപോലുമേ.

അവളാം കാട്ടുതീയാളി–
ച്ചാമ്പലായസുരപ്പട,

ഒടുവിൽപ്പോർക്കളം പൂകി
മഹിഷൻ വജ്രിമർദ്ദനൻ,

സംവർത്തകാളമേഘംപോ–
ലുള്ള പോത്തായി വന്നവൻ

ഘോരമായിപ്പാഞ്ചജന്യ–
ഘോഷംപോലലറീടവേ,

ദേവിതൻ പരിവാരത്തെ–
ശ്ശൃംഗതുണ്ഡഖുരങ്ങളാൽ

വാലുകൊണ്ടും വിമർദ്ദിക്കെ–
പ്പൊടിക്കെശ്ശൂന്യമാക്കവേ.

അവന്റെ കാൽക്കുളമ്പേറ്റു
ഗോളരാജി വെടിക്കവെ,

അവന്റെ കൊമ്പത്തു ഘന–
ക്കീറു തൂങ്ങിക്കളിക്കവേ,

കലിക്കൊണ്ടൂ ദേവി: പെട്ടെ–

ന്നലറിച്ചെന്നു പോത്തിനെ

കയറിട്ടു വരിഞ്ഞപ്പോൾ
പോത്തു പോയൊരു സിംഹമായ്.

സിംഹത്തിൻ തല കൊയ്തപ്പോൾ
പുമാനായ്ത്തീർന്നു മായികൻ,

പുമാന്റെ നേർക്കമ്പയയ്ക്കെ–
ച്ചീറി കുഞ്ജരരൂപിയായ്,

അതിൻ കൈ കൊത്തവേ, പക്ഷേ,
പോത്തായിത്തീർന്നു പിന്നെയും!

ചെമ്പരത്തിപ്പൂക്കളായി
വിടർന്ന നയനത്തൊടെ

മദ്യപാത്രം മോന്തി നില്ക്കും
ദേവി പൊട്ടിച്ചിരിക്കയായ്!

ഉടനേ ദേവിയാപ്പോത്തിൻ
ഗളത്തിങ്കൽച്ചവുട്ടവേ,

തന്റെ ശൂലമതിൻ നെഞ്ചിൽ
കുത്തിത്താഴ്ത്തിത്തറയ്ക്കവേ

കുതറും ശഠനെത്തൃക്കാൽ–
മുട്ടുകൊണ്ടൊന്നമർക്കവേ,

പിടയും തലയെക്ഖഡ്ഗം–
കൊണ്ടുകൊത്തിമുറിക്കവേ,

വീണാനവൻ; മന്ദഹാസം
പൂണ്ടാൾ മഹിഷമർദ്ദിനി.''

ൗൗൗ

കഥ തീർന്നു: വിറക്കൊണ്ടേ–
നരയാലിലപോലെ ഞാൻ,

ചോദിച്ചുംപോയ്, ''ജ്ജീവനോടെ–
യിന്നുമുണ്ടോ ഭയങ്കരി?''

വൃദ്ധ ചൊല്ലീ, ''ദേവി നില്പാ–
ണിന്നു തെക്കൻകടല്ക്കരെ

ഇരിപ്പപ്പൂമാലയേന്തി–
ക്കരൾത്തേനേന്തി, നിശ്ചലം''

''ചത്തെങ്കിലപ്പിശാചെ''ന്നു
മെല്ലെ ഞാനുച്ചരിക്കവേ

വൃദ്ധചൊല്ലീ, ''മരിക്കില്ലാ
ദേവിയാ പ്രളയംവരെ!

തന്റെ യൗവനകാലത്തീ
മഹിഷാസുരമർദ്ദിനി

തപസ്സുകൊണ്ടാനയിച്ചൂ
മുന്നിൽക്കൈലാസനാഥനെ.

''രമിക്കുകെന്നൊടൊത്തെ'ന്നു
കന്യതേടീടവേ വരം

'പ്രളയത്തിങ്കലാവാ'മെ–
ന്നേറ്റിരിപ്പൂ ശിവങ്കരൻ.''

ധാത്രി ചൊന്നതിനെന്താണു
സാരമെന്നറിയാതെ ഞാൻ

മയങ്ങീ; കണ്ടിതോ പേടി–
സ്വപ്നം? എല്ലാം മറന്നുപോയ്!

ဘဘဘ

ഇന്നു ഞാൻ വലുതായ് വന്നീ–
ക്കന്യയെക്കണ്ടൂ നില്ക്കവേ

വിസ്മയിപ്പൂ: രമ്യഭാവേ,
നിന്നെയോർത്തോ നടുങ്ങി ഞാൻ?

നിന്നെച്ചൂഴ്ന്നെഴുമുപ്പാഴി–
ത്തിരയെക്കാളവിശ്രമം

ഇരമ്പുന്നൂ നിന്നകത്തെ
സ്നേഹം ഞാനതിലാഴവേ

കഴുകിപ്പൂതമായല്ലോ
ഭീതിപങ്കിലമെന്മനം.

പുറമേ ശാന്തയാം നിന്റെ
നില്പൂ കണ്ടു ലയിക്കവേ

അനന്തവിരഹത്തിന്റെ
ഘനബാഷ്പം രുചിപ്പു ഞാൻ.

സീത, ഊർമ്മിള, സാവിത്രി,
ദമയന്തി, ശകുന്തള,

പട്ടാളത്തിൽപ്പോയവന്റെ
പത്നികൂടി, യഹർന്നിശം

ജീവിക്കുന്നൂ നിന്നിൽ: നിത്യ–
രാഗവേദനയാണു നീ!

നിന്നെക്കാളും സുന്ദരിയായ്
സ്നിഗ്ദ്ധയായാർദ്രശീലയായ്

ക്ഷമാമധുരയായ്ശുദ്ധ–
മുഗ്ദ്ധയായില്ലൊരാളുമേ!

നിന്നോടലിവു ഞാൻ വത്സേ
സർഗ്ഗവാഞ്ഛാപ്രതീകമേ!

ലയകാമുകി, സത്തേ, മ–
ന്മനുഷ്യപ്രേമവായ്പിനാൽ!

# തുളസി

വപൂച്ചെടിയെന്നു വിളിപ്പൂ ലോകം
പൂരിതസമ്മദമെന്നെ.

നേരാണെ,ളിയ കിനാവിൻ തീപ്പൊരീ
നീറാറുണ്ടെൻ ചുണ്ടിൽ

അവയിൽപ്പക്ഷേ പറയത്തക്കോ–
രാകർഷകതയുമില്ല,

അഴകെന്നുള്ളതൊരണുവിന്നില്ലൊ,രു
വഴിപാടെന്നേ തോന്നൂ.

എങ്കിലുമെന്നിലിരിപ്പൂ രൂക്ഷം
മംഗളപരിമളഭാരം.

രുജകളിൽനിന്നിദ്ധരണിയെ മീളും
രുചിരമൊരൗഷധസാരം.

ആളുകളതുകൊണ്ടാവാം തുളസി–
പ്പൂവെന്നിലയെ വിളിപ്പൂ!

കണ്ടറിയുന്നു കുശാഗ്രമനസ്സുകൾ
കല്ലിനകത്തെ സ്വർണ്ണം.

കണ്ണിനുകണ്ണിനു ലഹരി പിടിക്കും
കാഞ്ചനവർണ്ണത്തോടെ

അത്ര മുഴുത്തൊരു പുഞ്ചിരി തൂവാ–
നാവില്ലെന്നാലെന്നും.

തൂവിയതല്ലച്ചിരി ഞാ,നെന്നുടെ
ചേവടി തഴുകാൻ വേണ്ടി

മുപ്പാരൂഴം കാത്തുകിടന്നൊരു
മുജ്ജന്മത്തിൽപ്പോലും!

ഊഊഊ

അക്കഥയെല്ലാമോർത്താലിന്നും
ഗദ്ഗദമുണ്ടാവുന്നൂ.

കാലടി പറിയാൻ ഭാവിയ്ക്കുന്നൂ,
കണ്ണു ചുവന്നീടുന്നൂ.

സുരവംശജനല്ലെങ്കിലുമെന്തേ
ധരണീപതിയെൻ നാഥൻ

ശതഗുണലാളിതപൂരുഷസിംഹൻ
ശംഖാലംകൃതചൂഡൻ

വീരോചിതമാം നിജധർമ്മത്തിനു
വീഴ്ച വരുത്തീലല്ലോ!

സ്ഫാരപ്രേമസുപോഷിതയാമെൻ
ചാരിത്ര്യദ്യുതിമൂലം

സ്വസ്ഥമനസ്സായ് ദോർബ്ബലമൊന്നാൽ
സ്വർലോകത്തെക്കൂടി

വെന്നാനിന്ദ്രപദത്തിൽക്കേറിയി–
രുന്നാനവനെൻ കാന്തൻ!

ൟൟൟ

വജ്രി ഭയപ്പെട്ടില്ലേ, നിർജ്ജര–
വർഗ്ഗവും? അഭയം തേടി

കൈലാസത്തിൽച്ചെന്നു പുരാൻതൻ–
കാലുപിടിച്ചഴുതില്ലേ?

ശംഭുവിനാശ്രിതവാത്സല്യത്താൽ
കമ്പിതമായീ നാഡി;

പാണിയിലുള്ള പിനാകത്തിന്നതു
ഞാണൊലിയായും തീർന്നു.

ഫലമെന്തെ,ന്നുടെ പതിയുടെ മുമ്പിൽ–
ബ്ബലമറ്റവനായല്ലോ

ത്രിപുരാന്തകനും പ്രമഥാധിപനും
ത്ര്യക്ഷനുമാമാദ്ദേവൻ!

ത്യാഗജ്വാലയിൽ വേവിച്ചിട്ടനു–
രാഗച്ചോരയിലൂട്ടി

കണവനു കുലവധു നല്കീടുമിച്ഛാ–
കവചം വെണ്ണീറാമോ,

മലരമ്പിക്ഷുധനുസ്സാലെയ്തൊരു
മദനൻതന്നുടൽപോലെ?

ൟൟൟ

എങ്കിലുമൊടുവാദ്ധാർമ്മികമാനിക–
ളെൻ പ്രിയപതിയെക്കൊന്നു.

എങ്ങനെയെന്നോ? വിഷ്ണുവൊരുന്നാ–
ളെൻ മണിയറയെപ്പൂകി

മായാരൂപമെടുത്തന്നാത്മ–
പ്രേയാനായേകാകി.

കഷ്ടം, നിഷ്ഠുരനെൻ ചാരിത്രം
തട്ടിയെടുത്താനന്നേ!

കദനത്താലെൻ ഭർത്താവുടനെ–
ക്കലുഷാശയനായെങ്കിൽ,

വിശ്വാസങ്ങൾ പൊലിഞ്ഞവനൊട്ടിട
വിഹ്വലനായ്പ്പോയെങ്കിൽ,

അതിലെന്തുള്ളു രുദ്രകരത്താൽ
ഹതനായും പോയെങ്കിൽ?

എങ്കിലുമുരുകിക്കണ്ണീരായീ
പങ്കിലമാമെൻ ഗാത്രം.

ഹിമവൽഗിരിനികടത്തിൽസ്സുരഭില–
സുമരമ്യമൊരുടജത്തിൽ

നേപാളത്തു പിറന്നാ മിഴിനീ-
രാപഗയായിത്തീർന്നൂ,

ഗണ്ഡകിയെന്നൊരു പേരാർന്നൊഴുകീ,
ഗംഗയിൽ മുഴുകിച്ചേർന്നൂ.

ഘഘഘ

കുടിനീർ കിട്ടാഞ്ഞെരിപൊരികൊൾകെ-
ക്കൂന്നിഴയും പഥികന്മാർ.

നാവു പുറത്തേയ്ക്കിട്ടു കിതയ്ക്കെ-
ച്ചാവാറായ മൃഗങ്ങൾ,

ചിറകു തളർന്നു കുഴഞ്ഞു പതിക്കും
പറവകൾ, നില്ക്കും നില്പിൽ

ചുടുനെടുവീർപ്പിലുണങ്ങും വൃക്ഷം,
ചെടിയും ലതയും പുല്ലും

സേചിതരാകെ, ഗ്ഗണ്ഡകിയാൽപ്പരി-
സേവിതരായുയിരേൽക്കേ,

പങ്കമൊടുങ്ങിയ നദിയിൽ വിളഞ്ഞു
പാവനസാളഗ്രാമം.

അഗ്നിപരീക്ഷിതകനകം പെയ്തിടു-
മത്ഭുതശക്തികൾപോലെ

അക്ഷയമന്തഃകരണം വീശും
രൂക്ഷസുഗന്ധത്തോടെ

കരകളിൽ നീളെ മുളച്ചൂ പിമ്പെ-
ന്നിരുൾകുഴലിഴയോരോന്നും.

ഘഘഘ

ഇന്നും ദിവ്യശരീരിണി ഞാനീ
മന്നിലുയിർത്തീടുന്നു

ഓരോ തുളസിച്ചെടിയിലും; ആളുക-
ളോരുന്നുണ്ടെൻ ശുദ്ധി.

ഹരിഹരപൂജാനിരതന്മാരാം
നരരതുകൊണ്ടല്ലല്ലീ

അഗ്ര്യപവിത്രമൊരർഘ്യം ഭൂവിലി-
തല്ലാതില്ലെന്നെണ്ണി

തുളസിച്ചെടിയുടെ വിരിയും വിരിയും
ദളമേ നുള്ളിവരുന്നു?

ഓരോ കുറിയും തീക്ഷ്ണസുഗന്ധം
ചോരും തുളസീശീർഷം

തന്നുടെ തന്നുടെ ചരണാബ്ജങ്ങളിൽ
വന്നുപതിക്കും നേരം

ഒന്നു നടുങ്ങാറില്ലേ ഹരിഹര-
രിന്നും ദൈന്യത്തോടെ?

കാരണമുണ്ടാ,സ്സൗരഭ്യങ്ങളിൽ
നീറുന്നുണ്ടൊരു ചോദ്യം:

''സ്ഥിതിലയകാരണമൂർത്തികളാകും
മതിമാന്മാരേ, നിങ്ങൾ

ചതിയല്ലല്ലീ ചെയ്തൂ ധർമ്മ–
ച്യുതിയല്ലല്ലീ നേടീ?

പങ്കിലമായതു തുളസി ധരിക്കും
പാതിവ്രത്യംതാനോ,

പത്മാവതിയുടെ ഭർത്താവണിയും
പത്നീവ്രതമല്ലല്ലീ?

തുളസിയെയത്രേ വിഷ്ണു ഗമിച്ചൂ:
തുളസി ഗമിച്ചൂ പക്ഷേ

പ്രേമതപഃഫലമുണ്ണും തൻ പ്രിയ–
കോമളപുരുഷനെയല്ലോ!''

ൟൟൟ

ഞാനാവട്ടേ, ചിന്തിക്കുന്നൂ
നീണാളായിട്ടൊന്നേ:

ഹന്ത, മനുഷ്യരൊടിന്നേവരെ ഞാൻ
നന്ദിപറഞ്ഞീലല്ലോ!

# ആണ്ടമുളപൊട്ടൽ

കർക്കിടകക്കണ്ണീരിൽക്കുളിച്ചു വരും നാടിൻ

കണ്ണിനു മധുരം നൽകുമോമനമാർ ഞങ്ങൾ

ഓണമഞ്ഞക്കിളികൾപോൽ തത്തീടുമ്പോൾ വില്ലിൻ
ഞാണുപോലെ ഞങ്ങളുടെ തൊണ്ട വിറയ്ക്കുമ്പോൾ,

ചൊല്ലിയൊരു കളിത്തോഴൻ സംഘമായി ഞങ്ങൾ
കല്ലറക്കുന്നിന്മേലത്തപ്പൂവറുക്കും നേരം:

''ആണ്ടമുളത്തുമ്പത്താവണപ്പലക വെയ്ക്കൂ,
ആവണപ്പലകയിന്മേൽക്കാൽപടിഞ്ഞിരിക്കൂ:

കാൽപടിഞ്ഞിരുന്നിട്ടിടംകൈമടക്കിന്നുള്ളിൽ
കട്ടുറുമ്പിനെക്കുടുക്കിവെച്ചു തെക്കു നോക്കൂ:

തെങ്കടലിൽനിന്നു വീശും കാറ്റുപോലെ, സ്നേഹ–
ത്തേൻകുളിർ പൊഴിയും നീലക്കണ്ണുകൾ വിടർത്തി

പോന്നുവരും മാബലിയെക്കാണുമപ്പോൾ ദൂരെ;
പോഴമല്ലി,തനുഷ്ഠിക്കാൻ പോരിമയാർക്കുള്ളൂ?''*

ൟൟൟ

ഉണ്ണിമോഹംകൊണ്ടന്നെന്നുൾക്കണ്ണുടൻ തെളിഞ്ഞു
പൊന്നിളവെയിലു വീണ ചക്രവാളം പോലെ:

കാണുകിലോ ധീരനെ, ത്തന്നുത്തമാംഗംകൂടി
ദാനനീരിൽച്ചേർത്തു മാനം കാത്ത ബലവാനെ!

വെമ്പി വെമ്പിക്കാനനപ്പൂന്തേൻ കുടിക്കാൻ പായും
തുമ്പിതൻ ചിറകുപോൽ ഞാൻ കമ്പിതനായ്ത്തീർന്നു

കാറ്റുപോലെൻ കാലടികൾ പാഴ്ച്ചരലിൽതത്തി;
കാണിനേരം കൊണ്ടു മുളങ്കാട്ടിലീ ഞാനെത്തി.

കാതിലിളംപട്ടിലിന്റെ മാധുരികൾ താവി:
കാണികളെൻ തോഴരാട്ടേ കയ്യടിച്ചൂ കൂവി.

നിന്നു ഞാൻ തിരിഞ്ഞുനോക്കീ: പൂത്ത തുമ്പക്കാട–
ല്ലെ,ന്നെ വളഞ്ഞിളിക്കുന്നു പുല്ലുകളാണെങ്ങും!

'വിഡ്ഢി'യെന്ന ഘോഷം നൂറു പച്ചളിപ്പാമ്പായി
വിണ്ണിലൂടെ പറന്നെന്നെ കൊത്തിവലിക്കുന്നു!

ൠൠൠ

ചെന്നുവീണൂ കണയേറ്റ പക്ഷിപോലെന്നില്ല–
ത്തന്നു ഞാനീപ്പാരിൻ നെഞ്ചിലുള്ള ദുഷ്ടറിഞ്ഞു:

കണ്ടു കണ്ണീർപ്പാടയിങ്കലൂടെ ഞാനന്നെന്റെ
കണ്ഠപാശമായിത്തൂങ്ങും കൂടയിൽത്തമസ്സിൽ

പുഞ്ചിരി പൊഴിപ്പൂ പട്ടുപൂക്കളല്ലാ, ഘോര–
വഞ്ചനതൻ പരിഹാസപ്പല്ലുകൾതാനല്ലോ!

ഊരി ഞാൻ വലിച്ചെറിഞ്ഞൂ ദൂരെയാപ്പൂക്കൂട
''പോരടിച്ചതാരെ?''–ന്നെൻ മിഴി തുടച്ചാളമ്മ.

മിണ്ടിയില്ലൊരാളൊടും ഞാൻ, ചുണ്ടനങ്ങിയില്ല,
തൊണ്ട വിടർന്നില്ലാ, കണ്ണുണങ്ങിയില്ലാ തീരെ.

ൠൠൠ

കാലടിയെന്തുറയ്ക്കാത്തു പൂഴിമണ്ണിൽ? –ത്തുംഗ–
കാലഘട്ടങ്ങളെത്താണ്ടിപ്പാഞ്ഞുപോയ് ഞാൻ വീണ്ടും

ഊരി വീണൂ ചെവിക്കുള്ളിൽപ്പെട്ടിരുന്നോരസ്ത്രം,
ചോര കുത്തിച്ചാടീടും മുറിവുണങ്ങീ, പക്ഷേ,

കാലിലെക്കുതി നിലച്ചില്ലേറുകയേ ചെയ്തൂ:
''കാണു, മൊരു ദിവസം ഞാൻ മാബലിയെക്കാണും.''

തീവെയിലറിഞ്ഞീടാ,തപൂർണ്ണതയാം നോവിൻ
തീവ്രത ചുമന്നിരമ്പും കാട്ടുചോല പോലെ

താടിമീശവന്നതും മറന്നിഹത്തിലുള്ള
മേടുകളിടുക്കുകളും ചാടി ഞാൻ ചരിക്കേ

കണ്ണുനീരിൽനിന്നു ബഡവാഗ്നികൾ പടർന്നൂ,
കാലടിയിൽനിന്നു ചോരച്ചോലകൾ കിളർന്നൂ.

പുസ്തകങ്ങൾ കോടികോടിത്താളുകളാലെന്റെ
മസ്തകത്തെ വീശിത്തണുപ്പിച്ചിരുന്നൂ പക്ഷേ,

വേർപ്പു വറ്റിയില്ല,തിന്നൊരീർപ്പമേറിവന്നൂ,
വേർപ്പുറച്ചു സൂക്ഷ്മദർശിച്ചില്ലുകളായ്ത്തീർന്നൂ,

ഞാനവയിലൂടെ നോക്കിക്കാണുകയായാരെ–
ക്കാണുമെന്നുറച്ചിട്ടുണ്ടാ മാബലിയെ നേരേ!

ऽऽऽ

ആ മഹാത്മാവലിവോടെപ്പുല്കുകയാണെന്നെ:
''ആവസിച്ചീടുന്നൂ കുഞ്ഞേ, ഞാൻ ഭവാനിൽത്തന്നെ!

മണ്ണിനുള്ളിൽപ്പാതാളത്തിൽപ്പാർത്തീടുന്നൂ ഞാനെ–
ന്നുണ്ണി, നീയും ബഹുവാക്കായ്ക്കേട്ടിരിക്കാ, മില്ലേ?

നേരുതന്നെ: മണ്ണിലെത്തമസ്സു വളർന്നെന്നെ
ക്രൂരമായ്ച്ചവുട്ടിത്താഴ്ത്തി മണ്ണിലേയ്ക്കുതന്നെ!

താണുതാണുപോയ ഞാനമർന്നിരുന്നതെന്നാൽ–
ക്കൂണിനും പശമകിട്ടാപ്പാഴ്മണലിലല്ല;

ഞണ്ടിരിക്കും പോട്ടിൽ, ക്കുഴിയാന പാർക്കും പൂഴി–
ക്കുണ്ടിൽ, ഞാഞ്ഞൂളുഴയ്ക്കുന്ന പാഴ്ച്ചളിയിലല്ല;

എട്ടടിമൂർഖനും വെള്ളിക്കെട്ടനും കുരുടി–
ക്കുട്ടിയും മുടിച്ച പാരിൻമേലടരിലല്ല;

ആഴിയെക്കാളാഴത്തിങ്കൽ, കാലഭേദമില്ലാ–
തായിരം വസുക്കളുദയാഭ വീശും ദിക്കിൽ,

ചെമ്പുകറ പറ്റാത്ത പുരാതനമാം തങ്ക–
ക്കുന്നു തുരന്നത്ഭുതമായ് തീർത്ത കൊട്ടാരത്തിൽ

കോടികോടിക്കേതകിപ്പൂങ്കാടുകൾതൻ ജീവ–
നാഡിയിൽനിന്നൂറിയ സുഗന്ധസാരംപോലേ

ധന്യമൂർച്ഛ വീശി വീശി സ്വർണ്ണമണിനാഗ–
കന്യമാരഭംഗനൃത്യഗാനലയം പെയ്കേ

ഊതിയൂതി വിളയിക്കും സ്നേഹമാണിക്യത്തിൻ
പൂതമയൂഖങ്ങളാൽക്കുളിർത്ത മണ്ഡപത്തിൽ,

കേവലമാം മുക്തിക്ഷേത്രമായ മണ്ണിലത്രേ
ആവസിപ്പൂ നിർജ്ജരമാം നിത്യതയെപ്പോലെ!''

ആ മഹാത്മാവെന്നെഗ്ഗാഢം പിന്നെയും പുണർന്നൂ:
''ആവസിച്ചീടുന്നൂ കുഞ്ഞേ, ഞാൻ ഭവാനിൽത്തന്നെ!''

മാനനീയം താനീ സ്നേഹവാരിധിതൻ രൂപം
മാനവമഹസ്സിലാളും ഭാവനതൻ ദീപം!

ऽऽऽ

കല്ലറക്കുന്നിന്നും ദൂരെ കാത്തു നില്പുണ്ടെ, ന്നാൽ,
ഇല്ലതിന്മേലെന്റെ കളിത്തോഴരിപ്പോളാരും.

എങ്ങുപോയത്തോഴ?–രൊന്നുചെന്നുകാണാൻ മോഹം
വിങ്ങീടുന്നൂ: പിന്നേയും മിഴി നിറഞ്ഞീടുന്നു.

''മാബലിയെക്കണ്ടൂ ഞാ,'' നെന്നോതിടുവാനല്ല,
മാറൊടുചേർത്തൊന്നു തേങ്ങിക്കേഴുവാനേ മോഹം!

നിന്ദനീയമല്ലാ പാരേ, നിന്നിലുള്ളതൊന്നും;
നന്ദിചൊൽവൂ നിൻ പരിഹാസത്തിനീ ഞാനെന്നും!

# ശില്പി

വണ്ടൊരു ശില്പിശ്രേഷ്ഠൻ കണ്ണടച്ചിരുന്നപ്പോൾ
കണ്ടെത്തീ തന്നാത്മാവിന്നത്യഗാധതയിങ്കൽ

അണയാത്തൊരു ദുഃഖനാളവുമതിലൂടേ
സിനിമയ്ക്കൊപ്പം നീങ്ങും പ്രപഞ്ചചിത്രങ്ങളും.

മൂകനായദൃശ്യത്തിന്നരികേയ്ക്കിറങ്ങിച്ചെ-
ന്നേകനായവനിലുള്ളവനങ്ങനെ നില്ക്കേ,

അറിഞ്ഞീലല്ലോ തൻകൈയനങ്ങുന്നതും തന്നോ-
ടുരുമ്മിപ്പന്തീരാണ്ടു പാഞ്ഞുപോയതും തീരേ.

കൺതുറന്നപ്പോൾക്കണ്ടാനൊരു ഗോപുരം മുന്നിൽ-
ക്കമ്രമായ്, ഓർത്തേപോയാൻ: ആരിതു വിരചിച്ചു?

തന്നുടെ കരങ്ങളാണീ മഹാത്ഭുതം തീർത്ത-
തെന്ന നേരവിശ്വസനീയമായവൻ കണ്ടൂ:

ഒഴുകുന്നല്ലോ മൃദുജീവിതദൈന്യത്തിന്റെ-
യഴകിക്കഠിനമായിരുന്ന കരിങ്കല്ലിൽ!

ഏതൊരു നിത്യാനന്ദക്കയത്തിൽത്താണൂ താൻ നിർ-
ബ്ബാധനായ്ച്ചതുഷ്ടയാനാസ്ഥനായിന്നേവരെ

മുറ്റിനില്ക്കുകയാണിന്നാ മഹാവികാരം തൻ
ചുറ്റിലും തിങ്ങിക്കാണുമായിരം വദനത്തിൽ.

അവരിലാരും ചൊല്ലീലഭിനന്ദനവാക്യ-
മവനോടെ,ന്നാലും സംതൃപ്തനായ്ത്തീർന്നൂ ശില്പി:

പ്രേക്ഷകമുഖം ചൂടുമാത്മവിസ്മൃതിയെക്കാൾ
പ്രേഷ്ഠമെന്തുള്ളൂ ശില്പിക്കഭിനന്ദനം വേറെ?

എങ്കിലുമവസാനം കണ്ടെത്തി ശില്പിശ്രേഷ്ഠൻ
തൻ കഴല്ക്കീഴിൽക്കിടന്നിളകും കുനിയനെ.

ഗോപുരം കുലുക്കാമെന്നാശിച്ചു കുത്തീടുന്നൂ
കോപവുമസൂയയും കലർന്നാച്ചെറുകീടം.

കലങ്ങീ മഷിത്തുള്ളി കലരും സുനിർമ്മല-
ജലത്തെപ്പോലെശ്ശിൽപ്പിക്കുൾക്കളം ക്ഷണത്താലെ.

ആടിവീണാലോ ശിലാഗോപുരം നിലത്തെന്ന
പേടികൊണ്ടല്ലാ,വെറും ഭൂതവാത്സല്യംമൂലം:

അത്രയ്ക്കു ലഘുവാമീക്കുനിയനുറമ്പിലു-
മിത്രയ്ക്കു മഹാന്ധത പാവിയല്ലോ, ഹാ, ദൈവം!

# വിപ്ലവകവി

കവിതേ, കളവുരിയാടീലെന്നും,

നീയതിനാളല്ലല്ലോ,

കഥയറിയാതെ ചിരിപ്പൂ പലരും
പക്ഷേ: ''നീയൊരു കള്ളി.''

കേളായ്കവിവേകധ്വനി ഭദ്രേ,
ജീവിതനോവും പാടി–
ക്കാളിമ മുററിയ നരഹൃദയാന്തര–
കുഗ്രാമങ്ങളിലാകെ,

പുലരിയിലെന്നും തോളിൽച്ചെപ്പു–
ക്കുടമേന്തി, ത്തളിർചുണ്ടിൽ–
ക്കളനിഷ്കളമൊഴി ചൂടിവരും പാൽ–
ക്കാരിപ്പെൺകൊടി പോലെ

വാതിലിൽ മുട്ടുക, മാനവഹൃത്തിൽ–
ദ്ദീനപ്പുഞ്ചിരി പെയ്യും
പൂതലയങ്ങളൊടോതുക മണ്ണിൻ
കയ്പിലിരിക്കും മാധ്വി.

സംഭരണോൽക്കേ, ചിതമുണ്ടെങ്കിലെ–
ടുക്കാമെന്നേവേണ്ടൂ,
സംഭാവനയായ്ത്തരുവേനിന്നൊരു
നൂതനനാദംകൂടി.

ഈഈഈ

പേരെന്തിന്നറിയുന്നൂ? വിപ്ലവ–
കവിയാണാള:– ദ്ദേഹം
പൂരാടത്തിൻനാളന്തിക്കു സ–
മാഗതനായെൻ ചാരെ.

''സോദര, തമ്മിൽക്കണ്ടിട്ടിപ്പോ–
ളഞ്ചാറായീ കൊല്ലം,
ആകിലുമൊന്നാണക്ഷനിബദ്ധ–
ധ്രുവയുഗമാം നാ, മല്ലേ?''

''അസംശയം,' ഞാനതിഥിക്കേകീ
പഴവും ചായയുമാദ്യം,
പ്രസന്നദീനസ്മിതഹൃത്തൊടുവിൽ–
പ്പറിച്ചുകാട്ടീ വാക്കാൽ:

ഓരോ വിധമാം വാസനയാലനു–
ഭൂതികളാലും തമ്മിൽ–
ച്ചേരുന്നൂ നാം പിരിയുന്നൂ നീ–
രലയിൽപ്പേടുകൾ പോലെ;

കരളിൻ മുറിവായിന്മേലൊട്ടിയ
കരളിൻ മുറിവായ് പക്ഷേ,
പറിവീലെ,ന്നൊരു പൊരുളേ ഞാനും
നേടിയതാകപ്പാടെ.''

ചായകുടിച്ചു മുറുക്കിത്തന്നുടെ
കഥയദ്ദേഹം ചൊല്ലിഃ
''ചാരുകസേരയിലല്ലാ കാനയി–
ലല്ലോ പെറ്റാളെന്നെ.

മുപ്പത്തൊമ്പതു വട്ടം മണ്ണിൽ–
പ്പൂത്തൂ വെള്ളില പിന്നെ;
ഇപ്പൊഴുമടിയിൽക്കീറിയതാണെൻ
കുപ്പായത്തിൻ കീശ.

'വിദ്വാ' നെന്നൊരു സർട്ടിഫിക്കേറ്റു–
ണ്ടാറേഴാളുടെ പള്ള–
ക്കത്തലിനുതകും വിറകായ്, അവരുടെ
ലജ്ജ മറച്ചീടാനും.

എവിടെയു,മെന്നാൽ, മാനേജർമാ–
രേറെക്കാലം നിർത്തീ–
ലിവനെ:ക്കവിയല്ലീ ഞാൻ സോദര,
കരളുള്ളവനല്ലല്ലീ?

മർദ്ദിതജനതയ്ക്കേകീലേ ഞാ–
നാത്മാവിൻ തേൻപൂക്കൾ,
ദുർദ്ദമപൗരുഷകീലാവലി ഹൃദി
കുത്തനെ നിന്ന കിനാക്കൾ?

പോയേടങ്ങളിലെല്ലാമെന്നെ–
പ്പിന്തുടരുകയായ്ക്കപ്പൻ–
നായകണക്കു മണത്തിട്ടധികൃത–
നിഴലിൻ ദംഷ്ട്രാഘോഷം.

ഇരുപതു വിദ്യാനിലയം, സോദര,
മുഖരിതമായിട്ടുണ്ടെൻ
പരുഷസ്വരമായജടിലജ്ഞാന–
സ്രുതിയാ,ലെന്താ പോരേ?

അമ്പോ, നെഞ്ചിൽച്ചുമടും പേറിയ–
ലഞ്ഞു വലഞ്ഞു നടന്നൂ
പമ്പമുതൽക്കീ നിളവരെയും ഞാൻ
കാലിക്കൈയും വീശി.

നാലഞ്ചരുമത്തൈമെയ്യുകളിൽ–
ച്ചലനമറായ്‌വാൻ വേണ്ടി:
കാലടിവെപ്പുകൾതോറും നീളേ
കവിത കൊഴിഞ്ഞു ചതഞ്ഞു.''

ഝഝഝ

വെറ്റില തുപ്പിച്ചെന്നിറമിഴുകിയ
നാവാൽച്ചുണ്ടുകളൊപ്പി
നെറ്റിഞരമ്പിൽ വിയർക്കും യാതന
തോർത്തിച്ചൊന്നാൻ വീണ്ടും

ആകാശത്തെക്കരളിലുടക്കി–
ച്ചോരച്ചാൽകളിലെല്ലാ–
മാഴിയൊഴുക്കിച്ചളിയിൽജ്ജന്മം
പൂണ്ടവനെന്നുടെ തോഴൻ:

''ഇതളരയുകിലും മാമകകവിതാ–
കീലമൊടിഞ്ഞീടാതെ

സ്ഥിതിചെയ്‌വൂ നട്ടുച്ചക്കതിർപോ;–
ലതുമതി, ഞാൻ ചരിതാർത്ഥൻ.

ഇരുളിൽക്കോച്ചിവിറച്ചു മെലിഞ്ഞൊരു
ദുർഭഗതൃണതതി കണ്ടാ–
രുരുബലമാം നിജനട്ടെല്ലുകളാ–
ക്കീലകുലങ്ങളിലല്ലോ.

അതിനാലാവാ, മപ്പാൽക്കതിരിൻ
സീൽക്കൃതി സംഗ്രഹമാക്കി–
സ്സദയം പാടി പ്രചരിപ്പിച്ചൂ
നമ്മുടെ വിപ്ലവകക്ഷി.

സ്നേഹിത, കുഞ്ഞിക്കണ്ണാണാന–
യ്ക്കധികൃതദൃഷ്ടിയിലാ മൽ–
സാഹിത്യക്കതിർമണിയൊരുകരടായ്–
ബ്ഭീതി കലങ്ങി വിടർന്നൂ.

കാളക്കൊമ്പു ചുവപ്പിനു നേരി–
ട്ടെന്നകണക്കെൻ ഗ്രന്ഥ–
ത്താളിനുനേരേ സർക്കാരിന്റെ വി–
ലക്കം കൂർത്തു കുലുങ്ങീ.

ഉർവ്വശിയോടു കൃതജ്ഞത ചൊൽവേൻ:
എന്നു നിരോധം വന്നൂ,
സർവ്വരുമന്നണിയായിപ്പുസ്തക–
ശാലയിലെത്തി നിരന്നൂ.

എല്ലാവർക്കും വേണ്ടതു മാമക–
കവിതാപുസ്തകമത്രേ;
തെല്ലിടകൊണ്ടലമാറച്ചിതലി–
ന്നുപവാസോദയമായി.

പുസ്തകശാല നടത്തും വിപ്ലവ–
കക്ഷി കുഴങ്ങീ കയ്യിൽ–
പ്പുത്തൻ വീണു വഴിഞ്ഞിട്ടെ–ന്നാൽ
കത്തിയെരിഞ്ഞൂ ദൂരേ

കവിയുടെ സഹധർമ്മിണിയുടെയോമൽ–
പ്പൈതങ്ങളുടെയുമുള്ളിൽ–
ക്കരളും കുടലും, വാടകവീട്ടില–
ടുപ്പിൽ ശ്വാക്കളുറങ്ങി.

തൊഴിലിനു കൂലി കൊടുക്കാൻ ചിലരോ–
ടാജ്ഞാപിക്കെ, പ്പിണ്ടി
പ്പണിചെയ്യിപ്പൂ സംഭാവനയായ്–
ച്ചിലരെക്കൊണ്ടീ നമ്മൾ.

ഹോമിക്കാം ഞാനെന്നെത്താനീ
മോചനസമരത്തീയിൽ
മാമകസന്തതികൾക്കൊരു മധുര–
സ്വർഗ്ഗം കൈവരുമെങ്കിൽ.

പട്ടിണിയിട്ടു വധിപ്പേനിന്നാ
മക്കളെയെങ്കിൽപ്പിന്നെ

കിട്ടണമെന്തിനെനിക്കാനാകം?
സന്യാസികളോ നമ്മൾ?''

ഊഊഊ

ഒന്നുംകൂടി മുറുക്കി,ജ്ജനലിൽ–
ത്തൂങ്ങിയ സന്ധ്യാവർണ്ണ–
പ്പൊന്നുംമറയുടെ ശോണിമയിൽത്തൻ
പാതിക്കൺമുനയാഴ്ത്തി

ചാരുകസേലയിലേയ്ക്കു മലർന്നും,
മൂകത തൻ പാതാള–
പ്പാഴിടവഴികളിലിരടി നടക്കും
സ്മരണയെ മാടിവിളിച്ചും

നിശ്ചലനായദ്ദേഹമിരിക്കെ
ചോദിച്ചൂ ഞാനേവം;
''നിങ്ങടെ ടീച്ചിങ്ങ് സർട്ടിഫിക്കേറ്റും
പോയോ, കേട്ടതു നേരോ?''

''നേരല്ലെ''ന്നൊരു ദീർഘശ്വാസം
മെല്ലെ വലിച്ചു കുടിച്ചി–
ട്ടേറെസ്സമയമിരുന്നൂ വീണ്ടും;
മേശവിളക്കു കൊളുത്തീ.

''ഉദ്ദേശിക്കുന്നില്ല കുളിക്കാ–
തീറനുടുക്കാനെന്നായ്
വിദ്യാനിലയക്കാരന്നാളിൽ;
തെണ്ടുകയായ് ഞാൻ വീണ്ടും

അലിവും, ധൈര്യവുമുണ്ടായിട്ടും
ചിലരുണ്ടല്ലോ – തന്നാ–
നലയുമെനിക്കൊരു വിദ്യാശാലയിൽ
വീണ്ടുമൊരുത്തൻ ജോലി.

അവിടെച്ചേരുംമുമ്പേ ചെന്നേൻ,
പലയാപ്പീസും കണ്ടേൻ,
അനവധി നീരും ചോരയുമുള്ള മ–
നുഷ്യപ്രകൃതിയറിഞ്ഞേൻ.

എന്റെ സുഹൃത്തേ, കവിതയ്ക്കൊന്നും
പ്രതിഫലമില്ലാ, വേണ്ട:
എണ്ണയിൽ വരളും ജീവനെയറിയാ–
നൊരു നേതാവുണ്ടെങ്കിൽ!

വിപ്ലവപത്രമടിപ്പിച്ചീടും
സമിതിയിലീ ഞാൻ കണ്ടു
കുത്തും കോമയുമിടുവാൻപോലും
പരിചയമില്ലാത്തോരെ!

ഒഴിവില്ലത്രേ! പട്ടിണി തിന്നൊരു
കവി ചത്താലെന്തുള്ളൂ?
ഒരു വടി പോയാലൊരു വടി, കക്ഷി–
പ്പോരിനതല്ലേ വേണ്ടൂ?

ആളുകളുടെ സുഖമല്ലാ സമുദാ–

യത്തിന്റേതെന്നാകിൽ
ആയതു മായാരൂപമെടുത്തോ–
രൊക്ടോപ്പസ്സാ*ണല്ലോ.

അതു വാഴുന്നതു കരയിൽ, ത്തിന്മതു
നരചൈതന്യം, യക്ഷി–
യ്ക്കുതകും വീറൊടലഞ്ഞീടുന്നൂ
രാവും പകലും നീളെ,

ആയിരലക്ഷം കൈയുകളുണ്ടതി–
ന,രികത്തെത്തുപെടുന്നോ–
രാരെയുമിന്നിതു ബാധിക്കുന്നൂ,
ശബ്ദമുയർത്തീടുന്നൂ.

ഉണ്ടീ യക്ഷിക്കൊരു മക;നവനാ–
ണിന്നു 'ചരിത്ര'പ്പേരിൽ–
ത്തിണ്ടാടുന്നൂ സർവ്വേശ്വരനായ്
സർവ്വനിയന്താവായി.

ഇന്നലെ വിധി വാണേടത്തിന്നിവ–
നേറിയിരിപ്പു; കഷ്ടം,
അന്ധത പുതുതാണെങ്കിൽത്തീർന്നൂ
ചിലരുടെ വിപ്ലവദാഹം.''

ൗൗൗ

ഒന്നുചിരിച്ചേപോയെന്നുള്ളതൊ–
രപരാധംതാനെന്റെ;
ചൊന്നാനൂഷ്മളഭാവൻ, ''കളിമതി,
ഞാൻ പറയുന്നൂ കാര്യം,

പുല്ലും പുഴുവും മൃഗവും കല്ലും
യന്ത്രവുമല്ലാ മർത്ത്യൻ,
ഇല്ലാ വിമലവിശാലസ്നേഹാ–
ധികഗുണഭൂഷണമാർക്കും

എന്നറിവൂ നാമെന്നോ, രാപ്പക–
ലിന്റെ മടമ്പിടിയേറ്റി;–
ട്ടന്നേവരെ നാം ചത്തുകിടക്കുമ–
ഹല്യാശിലയെപ്പോലെ.''

നിർദ്ദാക്ഷിണ്യനിരങ്കുശമാമി–
ശ്ശാപം – തെറ്റീ, താപം–
നീണ്ടുപരന്നോരരമനയിൽപ്പടു–
കൂറ്റൻമണിയടിപോലെ

നിന്നുതരിച്ചു മുഴങ്ങീ ഹൃദി മേ,
ധർമ്മാചരണത്തിന്നീ
മന്നൊടു തലയിൽക്കൈ ചേർത്തലറിയ
മുനിയുടെ ഖേദംപോലെ

''എന്റെ സുഹൃത്തേ''. വിപ്ലവകവിയാം
സ്നേഹിതനൊടുവിൽച്ചൊല്ലി
രണ്ടാമത്തെ മുറുക്കിൻ ചണ്ടിയു–
മകലെത്തുപ്പിയശേഷം:

‘‘എന്തിനു വന്നേനിങ്ങോട്ടെന്നും
പറയണമല്ലോ നേരെ,
ഹന്ത,കുളിയ്ക്കുമ്പോഴുമുടുപ്പൊ–
ന്നൂരിയൊലുമ്പാൻ നാണം!

അലമുറയിട്ടാരിന്നലെ വസ്ത്ര
ത്തുമ്പു പിടിച്ചു കിടാങ്ങൾ,
അരിയില്ലവിടെ,പ്പപ്പടമില്ല, പ–
ഴത്തൊലിയെങ്കിലുമില്ല!

മുഴുവനുമായീ ശമ്പളമിക്കുറി
വന്ന കടക്കാർ പോകെ:
അഴുതിടുമുണ്ണികളവരുടെയൊക്കെ–
പ്പുരയിലുമുണ്ടാമല്ലോ.

പ്രാചി ചുവക്കും വരെ ഞാനിന്നലെ
മുറ്റത്തിട്ടൊരു ബഞ്ചിൽ
പ്രാകൃതമോരോനിനവുകളോടെ മ–
ലർന്നു കിടന്നൂ മൂഢം,

ശ്രാവണകൗമുദിയാലരിമാവും
താരകളാലേ തുമ്പ–
പ്പൂവുമണിഞ്ഞു പരന്നു കിടപ്പു
നിത്യാനന്ദം മീതെ:

ഓണച്ചന്തക്കോളുകഴിഞ്ഞി–
ട്ടയലിൽപ്പാതയിലൂടെ–
പ്പോണൂ ചാക്കും കൊട്ടയുമായ് മൺ
കറയൊടു പൊരുതും വീര്യം.

കരയുകയാണെന്റവിടെ,പ്പക്ഷേ,
കുട്ടിക,‘ളമ്മേ, പാപ്പം:
കഷണിക്കുകയാണവരെക്കൊട്ടി–
യുറക്കാനായിട്ടമ്മ.

കുത്തിയൊലിപ്പൂ ഹൃദി മേ സ്വന്തം
പൂർവ്വകഥാനദി മെല്ലേ
ഇത്തിരപോന്നൊരു തുളവഴി കാണും
ഖാണ്ഡവദാഹംപോലെ.

ഒഴുകീ ബാഷ്പതരംഗിണി രണ്ടും;
കാണ്മു കിണറിൻ വക്ക–
ത്തൊരു കയറുണ്ട, തുമായൊരു കാല–
ങ്കോഴി വരുന്നൂ,ചൊൽവൂ:

‘കഴുതേ, നിന്നെസ്സമുദായത്തിനു
വേണ്ടാ, പോയിച്ചാവൂ:
കവിത രചിക്കാൻ കേറിവരുന്നൂ
കാശിനു കൊള്ളാച്ചെക്കൻ!

കുണ്ടിൽത്തത്തിച്ചാടിനടക്കും
കുഞ്ഞൻതവളേ, പാവം,
കുന്നിനുമീതെ നിനക്കു പറക്കാ–
മെന്നാണുള്ളിൽബ്ഭാവം!’

ഉടനെഴുനേറ്റാളൂഴിയിൽനിന്നെ–
ന്നമ്മ പതുക്കെ, കണ്ണിൽ–
ച്ചുടുനീരുണ്ടു, പിളർന്നേ നില്ക്കും
ചൊടികൾ വിറച്ചീടുന്നൂ.

കണ്ണാൽച്ചുറ്റും പരിശോധിച്ചി–
ട്ടവരെൻ നേരേ നീട്ടി
കയ്യുകൾ, എന്നെത്തൊട്ടൂ തൊട്ടി,–
ല്ലെഴുനേറ്റൂ ഞാ,'നമ്മേ!'

'എന്തേ പറ്റിയ?' താരാഞ്ഞാളുൽ–
ക്കണ്ഠാപൂർവ്വം ഭാര്യ;
ചന്ദ്രികതട്ടാക്കാട്ടിൽ ഗ്ഗൂഢഗ–
ഭീരം മൂളീ കൂമൻ.

അവനെ വലിച്ചു നിലത്തിട്ടൊന്നു ച–
വുട്ടിയരയ്ക്കാൻ തോന്നീ,
അടിമുടി നാഡി പിടച്ചൂ, ചുണ്ടിൽ–
ത്താഴും നീരു പുളച്ചൂ.

അപ്പോളാണാ മുലചപ്പും കൈ–
ക്കുഞ്ഞുകരഞ്ഞതു, ഞാനോ
റബ്ബർപ്പന്തിനു തുല്യം ചാടീ,
കുതികാലോടെ ചെന്നൂ.

കുഞ്ഞിനെ മാറിൽപ്പൂണ്ടു മുറുക്കീ,
പലപല മാത്രകൾ നിന്നൂ
കുണ്ഠമനസ്സായ്,ച്ചരലുകൾപോലെ
ചുംബനധാരയുതിർന്നൂ.''

ൗൗൗ
എഴുനേറ്റെന്നുടെ തോളിൽക്കൈ വെ–
ച്ചന്വേഷിച്ചാനായാൾ
മിഴിനനവോടെ ചൊടിവിറയോടെ
ഗൽഗദകണ്ഠത്തോടെ:

''പഴയ സുഹൃത്തേ, താങ്കൾക്കെന്നോ–
ടുണ്ടാമോ സഹതാപം?
പറയൂ വീശുകിൽ വീശട്ടേ ചെറു–
തൊരു കുളിർകാറ്റെന്നുള്ളിൽ

തളരും മാമകസത്തയ്ക്കൂന്നായ്–
ച്ചിലരുടെ ഗാഢസ്നേഹം
നിലകൊള്ളും ഭുവി മൃതിവരെയെന്നൊരു
പൂംകുളിർകാറ്റെന്നുള്ളിൽ!''

''സോദര,'' തീവ്രമൊരാവേശച്ചിറ–
കടികൾ മുഴങ്ങും നെഞ്ചിൻ
സ്വേദപയസ്സിൽച്ചേർത്തുവരിഞ്ഞേ–
നദ്ദേഹത്തെബ്ബാഢം.

ഞൊടികൊണ്ടിരുവരുമുരുകിച്ചേർന്നു മ–
റന്നു ലയിച്ചു സുഖിച്ചൂ,
കടവും കടവും ഗുണനക്രിയയാൽ
ധനമായ്ത്തീരുംപോലെ.

മുമ്പു ജടായുസ്സിനെ നിജപക്ഷ–
ക്കുളിർനിഴൽകൊണ്ടു മറയ്ക്കെ

സമ്പാതിക്കു ലഭിച്ച കരുത്തെൻ–
നെഞ്ചിലുറച്ചു പിടിച്ചു.

എവറസ്റ്റിൽക്കാൽ കുത്തിയ ഷേർപ്പ–ഹി–
ലാറികളേക്കാളേറെ–

ദ്ധവളോന്നതിയിൽക്കണ്ടൂ കണ്ണു മി–
ഴിക്കും ഞങ്ങളെ ഞങ്ങൾ.

''സ്നേഹിത, കരുതൂ താങ്കൾക്കീ ഞാ–
നാമരണപ്രിയബന്ധു,
ദാഹകമീ വ്യഥമായ്ക്കൂ, ഗജമേ,
കണ്ടറിയൂ നിൻ ശക്തി.

നിർദ്ദയമാവാം കക്ഷികൾ – ഇടവും
വലവും – പക്ഷേ, തെല്ലും

നിർദ്ദയരല്ലസ്സങ്കല്പത്തട–
വറകളിൽ വാഴ്വോരാരും.

എത്രയ്ക്കെത്ര പരുത്തവയാണോ
വെളിയിലിടും മുഖവസ്ത്രം

അത്രയ്ക്കത്ര മിനുത്തവയാം ശഠ–
ഹൃത്തിലിരിക്കും സത്യം.

നന്മകളാശിച്ചീടുക, പറയുക
പറയാനുള്ളവ നേരെ

നമ്മുടെ മാർഗ്ഗം ചെത്തിക്കോരാൻ
നാമല്ലാതില്ലാരും.''

ഊഊഊ

കവിതേ, കാലസ്ഥലസുവിശാലവി–
ഷാദോദാരേ, തീർന്നൂ
കഥയിതു ചിതമെങ്കിൽ കൈക്കൊള്ളൂ,
ഹിതമല്ലെങ്കിൽത്തള്ളൂ.

ഉള്ളതു ചൊന്നാൽക്കഞ്ഞി നമുക്കി–
ല്ലെന്നായാലും കൊള്ളാം,

ഉറിയും കരളു തുറന്നു ചിരിച്ചൂ
തെല്ലെന്നാലും കൊള്ളാം,

നെഞ്ചിലെ നേരുതുറന്നു പറഞ്ഞാൽ–
സ്സുഖമായല്ലിലുറങ്ങാം,
എൻ ചെറുബുദ്ധിക്കിവിടെത്തീർന്നൂ
സകലവിധായുർവ്വേദം.

# കവിയുടെ ലോകം

നഗരത്തിൽനിന്നൊരുരാത്രി ഞാൻ മടങ്ങുമ്പോ–

ളകലത്തുനിന്നാരോ കൈകൊട്ടിവിളിക്കുന്നു.

''നില്ക്കെടോ, ചോദിക്കട്ടെ: തനിക്കീ നിലയ്ക്കൊരു
തുക്കടാക്കവിയായിട്ടിരുന്നാൽ മതിയെന്നോ?''

ഉറക്കെച്ചിരിച്ചോടിയെത്തിയെൻ തോളിൽക്കൈവെ–
ച്ചുരച്ചീടുകയായാ സ്നേഹിതനപ്പോഴേയ്ക്കും,

''അങ്ങനെയൊന്നും വിടാൻ ഭാവമില്ലെടോ ഞങ്ങൾ;
ഞങ്ങളാരെന്നോ? സാക്ഷാലനുവാചകർതന്നെ!''

ഉത്തരം ചൊല്ലാൻ മുതിരുമ്പൊഴേയ്ക്കെന്നെ സ്നേഹ–
ശുദ്ധമാം വാക്കാലങ്ങോരായിരക്കുടമാടീ.

''അറിവുണ്ടെനിക്കെല്ലാമീവേലത്തരമെങ്കിൽ
വരുമോ തന്നെപ്പിടികൂടുവാൻ, പാവത്താനേ?

കവിത ചുരത്തുവാനല്ലെങ്കിലെന്തിന്നാണാ–
ക്കഴുവേറിയാം ദൈവം സൃഷ്ടിച്ചുവിട്ടൂ തന്നെ.''

മാഞ്ഞുപോയ് ചിരിമെല്ലെമെല്ലെയാ മുഖത്തുനി–
ന്നാഞ്ഞുവീഴ്കയായ് വെന്തോരിരുമ്പിൽക്കൂടംപോലെ

വാക്കുകളെന്നാത്മാവിൻ നിസ്സഹായതയിന്മേൽ:
''ഓർക്കുമോ സത്യം? നിന്റെ കർത്തവ്യം ബൃഹത്തത്രേ.

പാലുപോലെഴും സ്നേഹവായ്പിനാൽ സമ്പന്നൻ നീ
പാപമായ്ത്തീരും പിരന്നിക്കയാണതിന്നെങ്കിൽ!

ഈശ്വരൻ നിനക്കായിത്തന്നതു നിൻ മൗഢ്യത്താ–
ലൂഷരപ്രദേശത്തു പതിക്കാതിരിക്കട്ടെ!

കടയൂ,കടയൂ, നിൻസ്നേഹവായ്പത്യാസന്ന–
മൃതിയാം ലോകത്തിന്നായ് മോചനാമൃതം നേടാൻ.

പഠിക്കൂ, ബ്രഹ്മാണ്ഡത്തെ സ്വാന്തരംഗമാം ചെപ്പി–
ലടക്കിക്കാട്ടിത്തന്ന പൂർവ്വർതൻ കലാശില്പം.

പണിയൂ, യുഗങ്ങൾക്കു കുടിപാർക്കുവാനുള്ള
മണിമാളിക ദീപ്രകല്പനാപിഞ്ഛത്താലേ.

ഞാനല്ലാ, മലയാളം മാത്രവുമല്ലാ, നിന്നോ–
ടാണവയുഗത്തിന്റെ ദുഃഖമാണാജ്ഞാപിപ്പൂ

നീയെന്ന മൺകോലത്തോടല്ലവരാജ്ഞാപിപ്പൂ
നിന്നുള്ളിലുറങ്ങുന്നോരൃഷിവര്യനോടത്രേ.

നിസ്സപത്നമായ്ത്തീരും നിൻപദം; ഇപ്പോഴും നീ
നിർദ്ദയാലസ്യത്തോടെ നിൽക്കയോ ശബ്ദിക്കാതെ?''

കർക്കശകോപാലവൻ നോക്കിനാൻ: കവിളത്തേയ്–
ക്കുൽഗമിച്ചിതെൻ ചിരബദ്ധചേതസ്സിൻ മൗനം.

എന്തിനു കേഴുന്നുവെന്നാരായാതവൻ ചൊല്ലീ,
''സന്തോഷമായീ'': നടന്നകന്നൂ, ''കാണാം നാളെ.''

ഊഊഊ

തിരിച്ചുവന്നില്ലവനെങ്കിലെന്തി,മവെട്ടാ–
തിരിപ്പുണ്ടവനെന്റെ വീട്ടിലെൻ കണ്ണിൻ മുമ്പിൽ,

''എവിടേ ഞാൻ ചോദിച്ച,തെവിടെ?'' നിർദ്ദാക്ഷിണ്യ–
മെരിയും സ്നേഹം വാരിയെറിയുന്നുമുണ്ടെന്നെ.

''തരുവേൻ തരുവേ'' നെന്നുറക്കെക്കേഴാനെന്നിൽ–

പ്പൊരിവൂ മനസ്സപ്പോൾ, എപ്പോളും, എങ്കിൽക്കൂടി

പണ്ടത്തെ മൗനം നില്പൂ പലനാൾ കഴിഞ്ഞെന്റെ
ഗണ്ഡത്തിലിന്നും വറ്റാക്കാരണജലംപോലെ.

# തുഞ്ചന്റെ ലഹരി

പര പര പര പരമ, പാഹി മാം

പരമാനന്ദമെന്നതേ പറയാവൂ,''

മുഴങ്ങുന്നു മൂന്നു ശതാബ്ദത്തെത്തുര–
ന്നൊഴുകിയെത്തുമാ ലഹരിയെൻ കാതിൽ.

ഉഡുക്കളിൽക്കത്തും സ്ഫുടദ്യുതിയോടെ
കടൽകളിൽത്തത്തുമദമൃതയോടെ

നഭസ്ഥലങ്ങൾതന്നനന്തതയോടെ
നഗങ്ങൾതൻ വേരാമചലതയോടെ

മരുൽച്ചിറകിന്റെ കരുത്തൊടെ, വിരാൾ–
പ്പുരുഷന്റെ കോലക്കുഴൽവിളിപോലെ,

''പര പര പര പരമ, പാഹി മാം,
പരമാനന്ദമെന്നതേ പറയാവൂ.''

നിരന്തരക്രൂരവികാരപാപങ്ങ–
ളുറച്ചുളവായ കടുത്ത പാറകൾ

മമാത്മഭൂവിലാ നിലാവു വീഴവേ
*മതിശിലപോലെയലിഞ്ഞുപോയല്ലോ!

അലിവിൽനിന്നൂറുമറിവുകൾ ചേർന്നി–
ട്ടപൂർവ്വമാം ശാന്തിതടാകമായ്ത്തീർന്നു.

അതി,ലാ മാനസസരസ്സിൽപ്പൂത്ത നീ–
രലരിൻ നിർവൃതിപരിമളം മോന്തി

അതിന്റെ കന്ദത്തിലൊരുജ്ജ്വലകായൻ
പടിഞ്ഞു കണ്ണടച്ചിരുന്നരുളുന്നു.

കുടുമയും ഭസ്മത്രിപുണ്ഡ്റരാശിയും
കടിപ്രദേശത്തു വെളുത്തൊരു തോർത്തും

കരത്തിലോലയുമെഴുത്താണിക്കോലും
ധരിച്ചു കേരളപ്പഴമയെപ്പോലെ.

കദനപൂർണ്ണമീ മഹിയിലെജ്ജന്മം
മധുരമാക്കിടാം മഹേച്ഛയാലെന്നേ

പറഞ്ഞുകൊണ്ടൊരു ചെറിയ കാഞ്ഞിര–
മരമാപ്പൂരുഷന്നരികിൽ നിൽക്കുന്നു.

അതിൻ കനി നുണച്ചടങ്ങി വാഴുന്നു–
ണ്ടരക്കുടുക്കില്ലാതൊരു മരഞ്ചാടി;

വിനീതമായ്ത്തീരാം തപോബലത്താലേ
വിഷയവാഞ്ഛയെന്നവൻ മൊഴിയുന്നു.

അവന്റെ പക്കത്തിലിരുന്നു പാടുന്നു–
ണ്ടരിയൊരു പച്ചക്കുളിരിളം തത്ത;

സുകൃതികൾ മുട്ടിക്കുടിച്ചുപോരുന്നൂ
പ്രകൃതിതൻ നെഞ്ചിൽച്ചുരക്കുമേതിനെ,

മധുരമാമ്നായപ്പൊരുളതേവർക്കു–
മനുഭവിക്കാമെന്നവൾ പറയുന്നു.

മിഴിയും കണ്ണാലപ്പുമാനുടനടി
തഴുകിനാനെന്നെക്കനിവൊടുകൂടി.

''നിനക്കെന്തോമനേ, തരേണ്ടു ഞാൻ?'' ''വെറു–
മനുഗ്രഹ''മെന്നു വിറച്ചിതെൻ കണ്ഠം.

ചിരിച്ചാനദ്ദേഹം കുറച്ചൊന്നുച്ചത്തിൽ:
''ധരിയ്ക്ക, നിന്നെപ്പോലൊരുത്തനീ ഞാനും:

അനുഗ്രഹിക്കുവാൻ മനുഷ്യനാര്? എന്നാൽ–
ക്കുനിച്ചിടാം മൗലി നമുക്കഖിലർക്കും

പര പര പര പരമ തേജസ്സിൻ
വരം തരാൻ പോരും തിരുചരണത്തിൽ!

പറവാനുണ്ടെന്നാലൊരു പൊരുളതു
പറക നീ ചെന്നാ മനുഷ്യരോടൊക്കെ:

പറയാറുണ്ടല്ലോ മനുഷ്യരന്യോന്യം
പല പല പല തലമുറയായി,

'കുടിച്ചാലുണ്ടാവും ലഹരികൊണ്ടത്രേ
കുറിച്ചു തുഞ്ചനാക്കവിതകളൊക്കെ.'

കുടിച്ചാലെന്തുള്ളൂ കുറവു? ചക്കാല–
ക്കുടിലിലല്ലയോ പിറന്നു ഞാനുണ്ണീ?

കുടിച്ചില്ലേ പണ്ടാ വിശിഷ്ടബ്രാഹ്മണ–
കുലവെളിച്ചങ്ങൾ മഹർഷിമാർകൂടി?

കുടിച്ചാലെന്തുള്ളൂ കുറവെനിക്കുണ്ണീ?
കുടിച്ചു, മൂക്കറ്റം കുടിച്ചൂ ഞാൻ, പക്ഷേ,

കുടത്തിലാക്കിയ മരക്കറയല്ല,
മലിനതയല്ല, മരണനീരല്ല.

വിരാമമില്ലാത്ത ഹരം പിടിപ്പിക്കും
പരാപരപ്രേമസുധാരസമത്രേ.

അതെൻ കവിതയെപ്പുണർന്നു നില്ക്കുന്നു–
ണ്ടഹസ്സിനെപ്പുണർന്നഹസ്കരൻപോലെ.

മനുഷ്യരെന്നിട്ടും മദീയപാനീയം
പനങ്കള്ളാണെന്നു ധരിച്ചുപോയല്ലോ!

പര പര പര പരമ, പാഹി മാം;
പരമാനന്ദമെന്നതേ പറയാവൂ!''

## നിത്യമേഘം

പ്രിയാവിരഹദുഃഖത്തി–

നഗ്നിയാൽ ധൂമപാളിയാൽ
നിശ്വാസവായുവാലശ്രു–
ബിന്ദുവാൽക്കാലപൂരുഷൻ

മഴമേഘത്തെ നിർമ്മിച്ചു
പറപ്പിക്കുന്നു ലീലയായ്
ഭാവനാകാശത്തിലൂടെ–
ശ്ശിശു പട്ടത്തെയെന്നപോൽ.

ഊഊഊ

സമുന്നതമനുഷ്യാത്മ–
രാമഗിര്യാശ്രമങ്ങളിൽ
ഇടതിങ്ങിയ പച്ചപ്പിൽ–
ക്കുടകപ്പാല പൂക്കവേ,

ഒരിളംകുളിർകാറ്റൂതു–
മാഷാഢപ്പുലർവേളയിൽ
നേർത്തിഴഞ്ഞൊഴുകും കാട്ടു–
ചോലതൻ മൂളൽ കേൾക്കവേ,

മേവുന്നു മിഴിതോരാതെ–
യൊരു പൂരുഷവിഗ്രഹം
മാനത്തേയ്ക്കുന്തിനില്ക്കുന്ന
മുനമ്പിൽപ്പൂർണ്ണമുഗ്ദ്ധനായ്

നീലാകാശസമുദ്രത്തിൽ–
ച്ചാടുവാനെന്നപോലവേ,
ചാടുവാൻ വലിയും കാലിൽ–
ബ്ഭൂമി തൂങ്ങിക്കനക്കവേ

അവന്റെ കണ്ണിൽത്താഴത്തു
നിൽപൂ വർഷാഘനാഘനം
സാനുവിൽത്തിണ്ടുകുത്തുന്ന
കൊമ്പനാനകണക്കിനേ.

അതിൽത്തുള്ളിക്കളിക്കുന്നു
വെള്ളിൽക്കിളികളെന്നപോൽ
അഭൂതപൂർവ്വമാം കാന്ത–
മനോഭാവക്കുരുന്നുകൾ!

അതിൽബ്ബിംബിപ്പു സന്തുഷ്ട–
മാര്യാവർത്തം മുഴുക്കനെ
നിർജ്ജനം രാമഗിരിതൊ–
ട്ടളകാപുരിയോളവും.

അളകാപുരിയിൽക്കാണ്മി–
തൊരു നിർമ്മൂകമാം ഗൃഹം
മഴവില്ലൊളി താവുന്ന
കമാനത്തിന്റെ പിൻവശം.

മുറ്റത്തു നില്ക്കും മന്ദാരം
നിറയെപ്പൂത്തു വാടവേ

ഒറ്റയ്ക്കകത്തിരിക്കുന്നു
കേഴും ലോകൈകസുന്ദരി,

കണ്ണീരിൽ നനയും വീണ–
തന്ത്രി മീട്ടാൻ ശ്രമിക്കയാൽ
താനുണ്ടാക്കിയ പാട്ടമ്പേ
മറന്നേ പോയ സുന്ദരി,

''നിനക്കിപ്പോളോർമ്മയുണ്ടോ
തത്തമ്മേ, മണവാളനെ?''
എന്നു മെല്ലെന്നതിൻ തൂവ–
ലൊതുക്കീടുന്ന സുന്ദരി.

ൟൟൟ

കാലമാ മഴമേഘത്തെ–
ക്കണ്ടു നിന്നോർത്തുപോകയാം
ഓടപ്പുല്ലൂതി ലോകത്തെ–
ബ്ഭരിച്ചോരളിവർണ്ണനെ:

''അവന്റെ വായിൽക്കാണായ
വിശ്വരൂപം കണക്കിനേ
എന്നെ വിസ്മിതനാക്കുന്നു
മേഘമേ, നിൻ മഹാശയം.

സർവ്വഭക്ഷകമെൻ നാവും
തരിപ്പിച്ചുകളഞ്ഞു നീ
അതു നിൻ നേർക്കു നീളുംമു–
മ്പാനന്ദക്കണ്ണുനീരിനാൽ.

ശകുന്തളാവിയോഗത്തിൽ–
ത്തളരും കാട്ടുമുല്ലയോ,
തുടിക്കും മാളവികതൻ
കാലാൽപ്പൂക്കുമശോകമോ,

രഘുവിൻ ദാനവീര്യത്താ–
ലിടറും കൗത്സ്യകണ്ഠമോ,
ഗൗരിതൻ നീലനീൾക്കണ്ണാൽ–
പ്പിളരും രുദ്രചിത്തമോ,

പുരൂരവസ്സിനെച്ചുറ്റു–
മപ്സരസ്സിന്റെ നന്ദിയോ,
നിന്നുരസ്സിൽ പ്രതിഫലി–
ക്കാതെയെന്തുള്ളു മേഘമേ?

ഘനീഭവിപ്പൊരുദ്വിഗ്ന–
മർത്ത്യസങ്കൽപ്പരൂപമേ,
നിലത്തോളം കുനിപ്പേനെൻ
ഗർവ്വം നിൻ തിരുമുമ്പിൽ ഞാൻ''.

ൟൟൟ

നിത്യസൗഭാഗ്യപീഠത്തി–
ലിരിക്കും കാലപൂരുഷൻ
കുനിഞ്ഞുനിൽക്കും കാലത്തെ–
ക്കടാക്ഷത്താൽത്തലോടവേ,

അവന്റെ കാൽപ്പൂവു തൊട്ടു
കാലം തലയിൽ വെയ്ക്കവേ,
തഴമ്പുറ്റ വലംകയ്യാ–
ലവൻ തഴുകി സസ്മിതം:

‘‘വജ്രം തുളച്ചിരിക്കുന്ന
രത്നങ്ങൾക്കുള്ളിലൂടെ ഞാൻ
കടന്നുപോന്നു ഭാഗ്യത്താൽ:
വെറും നൂലായിരുന്നു ഞാൻ!’’

## ഉപ്പോളം വരുമോ ഉപ്പിലിട്ടത്?

മൂകവിഷാദം നൊട്ടി നുണച്ചൊരു
മുക്കിലിരിപ്പൂ ഗന്ധർവ്വൻ.

ഇരുളിനു പലനാൾ നെയ്ത്തിരി കത്തി–
ച്ചരുളിയ മാനവഗന്ധർവ്വൻ:

ഓടക്കുഴലിൻ തൊണ്ടയിലേറി–
ക്കൂടു ചമച്ചൂ വേട്ടാളൻ!

ൗൗൗ

ഇത്തിരി കാലം തൊട്ടീലാ, കുഴ–
ലിത്തിരി നാളവനൂതീലാ.

അപ്പോളേയ്ക്കൊരു വേട്ടാളൻ വ–
ന്നിപ്പണിയെന്തിനു പറ്റിച്ചൂ?

പാരിന്മേലിപ്പാഴനു മുളയാൻ
വേറെയൊരംഗുലമില്ലെന്നോ?

ൗൗൗ

പല പല കുഴൽകളിലുരസിച്ചുണ്ടിൻ
പതമേ പോയിട്ടാണല്ലോ

ഗുരുകാരണവന്മാരുടെ കൃപയാ–
ലൊരു കുഴൽ ചുണ്ടിലുറയ്ക്കുന്നു.

കുഴലിൽ മനുഷ്യാത്മാവൊരു പുണ്യ–
പ്പുഴയായ്ച്ചെന്നു പിറക്കുന്നു.

ൗൗൗ

വ്യഥയിതു വല്ലതുമറിയുന്നുണ്ടോ
കഥയറ്റവനീ വേട്ടാളൻ?

കത്തിയെടുത്തീ മൺകൂടപ്പടി
കൊത്തിയടർത്തിച്ചോർത്താലോ?

പത്തനമേറിയ കൃമിയെക്കാലാൽ–
ക്കുത്തിയരച്ചു മുടിച്ചാലോ?

ൗൗൗ

മൂകവിഷാദം മോന്തിത്തീർത്തൊരു
മുക്കിലിരുന്നൂ ഗന്ധർവ്വൻ:

മാമുണ്ണുകയാണരികെത്തൻപൊ–
ന്നോമനമാരാം പൈതങ്ങൾ;

ഊഊഊ
ഇരയെക്കാലിലിറുക്കിക്കൂട്ടി–
ന്നിരുൾപൂകുകയാം വേട്ടാളൻ.

ആഹാരാദിയിലധികം പ്രാണി–
ക്കാലോചിക്കാൻ കഴിവുണ്ടോ?

തൻകുഞ്ഞെന്നതതിന്നും പക്ഷേ
പൊൻകുഞ്ഞായിത്തീരുന്നു.

കൂടിനു തക്കൊരു കേന്ദ്രം: ഇതാണതി–
നോടക്കുഴലിൻ പരമാർത്ഥം!

ഊഊഊ
ഉള്ള വിവേകം മാനുഷനോട–
പ്പുല്ലിനുവേണ്ടി വെടിഞ്ഞാലോ?

പുല്ലോ, വെറുമൊരുണക്കപ്പുല്ല: തി–
നുള്ളിലനങ്ങും പൊരുളെന്തോ?

ചെറുതോ ചെറുതിൻ സ്നേഹച്ചൂടുകൾ?
ചെറുതിനു ചെറുതും വലുതല്ലേ?

ഊഊഊ
എങ്കിലുമൊരു കടൽ ഗന്ധർവ്വൻതൻ
ചങ്കിലിരുന്നു പിടയ്ക്കുന്നു.

ആരായുകയും ചെയ്വൂ പലപാ–
ടയൽപക്കക്കാരെല്ലാരും.

‘കുഴൽവിളിയിപ്പോൾക്കേൾപ്പീലെന്താ–
ക്കിഴവൻ ചത്തുമലച്ചെന്നോ?

ഊഊഊ
വായമുറുക്കിത്തുന്നിക്കെട്ടിയ
ഗായകനീറപിടിയ്ക്കുന്നു:

മുതുകിഴവച്ചാരായിട്ടിനിയൊരു
പുതുപുല്ലാങ്കുഴലൂതാനോ?

ഞെക്കിക്കൊല്ലണമെന്നോ തൊണ്ടയിൽ
നിൽക്കും നാദബ്രഹ്മത്തെ?

ഊഊഊ
മൂകവിഷാദാൽപ്പോഷിതബലനായ്
മൂരിനിവർത്തിയ ഗന്ധർവ്വൻ

കൊക്കിനുതുല്യം കൺകളടച്ചൊരു
മുക്കിലിരുന്നൂ ചില കാലം.

കൂട്ടിനുവെളിയിലൊരല്പം പാറീ
വേട്ടാളൻതൻ കുഞ്ഞുങ്ങൾ.

ഊഊഊ
പരമാനന്ദക്കണ്ണീർപോലൊരു
പാട്ടാലിന്നയലുണരുമ്പോൾ

കുടിലിലിരിക്കും ഗായകനില്ലാ
കുഴലില്ലെന്നൊരു വൈവശ്യം

മാനവകണ്ഠത്തോളം വരുമോ

മാനവനൂതും ജഡനാളം?

ഊഊഊ

കാരണമെന്തീ മാറ്റത്തിന്നെ–
ന്നാരാഞ്ഞോരൊരു ചിരി കണ്ടൂ:

ഓടക്കുഴലിൻ തൊണ്ടയിലല്ലേ
കൂടുണ്ടാക്കൂ വേട്ടാളൻ,

പാടും നരനുടെ തൊണ്ടയിലേറി–
ക്കൂടുണ്ടാക്കുകയില്ലല്ലോ!

# ഭാഗവതരുടെ ഭാര്യ

ആയിരമാശങ്കയെച്ചവുട്ടിക്കേറിച്ചെന്നി–

ട്ടാ വധു തൂക്കീ തന്നുൾക്കളത്തിൻ മട്ടുപ്പാവിൽ

കാണുന്ന കണ്ണിന്നെല്ലാം കർപ്പൂരസുഖം നൽകും
കാല്യാർക്കദ്യുതിയായിത്തോന്നുമീശ്ശരറാന്തൽ:

'തന്നിൽനിന്നൂറിപ്പായും സംഗീതനദികളാ–
ലമ്പഹം മലയാളഭൂമിയെക്കുതിർക്കുന്നൂ

സഹ്യാദ്രിപോലെത്തുംഗശീർഷനാമൊരു ഗാതൃ–
സത്തമൻ സ്ഥിരപാത്താമുജ്ജ്വലയശോധനൻ.

അമ്മടിത്തടത്തിങ്കലുന്മത്തകരിണിപോൽ–
ച്ചെമ്മണ്ണു ചിനക്കി മേലാറാടിക്കളിക്കാനും

പേടമാൻപോലെത്തുള്ളിച്ചാടാനും കുയിൽപോലെ
പാടിക്കൊണ്ടിരിക്കാനുമാവിധം മരിക്കാനും

സംഗതി വരുന്നതിൽക്കവിഞ്ഞെന്തുള്ളൂ കാമ്യ–
മംഗളം? നാളെത്താലി കെട്ടിക്കുമയാളെന്നെ!'

ഊഊഊ

കല്യാണം മികവോടെക്കഴിഞ്ഞൂ: വരനല്ലിൽ–
ച്ചൊല്ലിടും നർമ്മങ്ങളിലലിഞ്ഞൂ രസികത്തി.

എന്നിട്ടും ശ്വശുരാലയോന്മുഖയാക്കി പ്രേയാ–
നൊന്നിച്ചാ നവോഢയെയാത്രയാക്കീടും നേരം

അപ്രതീക്ഷിതമമ്മയ്ക്കുറന്നൂ മിഴിക്കോണി–
ലശ്രുക്കളകാരണോൽകണ്ഠതൻ പുകയേല്ക്കേ.

ശിലപോലെയക്കണ്ണീർ വീഴവേ നീരാഴിപോ–
ലലതുള്ളിപ്പോയന്തരംഗമത്തനൂജയ്ക്കും!

വിട്ടുപോകയാണിഷ്ടജന്മഗേഹത്തെ;–ബ്ഭർത്തൃ–
പത്തനമിണങ്ങുമോ തന്നൊടീ നിലയ്ക്കൊക്കെ?

അന്ധയെപ്പോലേ നിന്നാളവളും, മിഴി പെട്ടെ–
ന്നാർദ്രമായ്ത്തീർന്നൂ, യാത്രാമൊഴി തെല്ലിടറിപ്പോയ്!

ഒടുവിൽപ്പക്ഷേ, ചിരിച്ചാത്മനാഥനോടൊത്തു
നടകൊണ്ടാളാ മുഗ്ദ്ധ നൂതനോന്മേഷത്തോടെ.

കരളിൽ പ്രശോഭിക്കും ശരറാന്തലിൻ കുപ്പി
കഴുകിത്തുടക്കുന്ന സശ്രദ്ധമൗനത്തോടെ:

'മുത്തുകൊണ്ടെഴും മൂക്കുകുത്തി നിൻ നാസാഗ്രത്തിൽ
മെത്തുന്നു, കണ്ണീരെന്നു കരുതായ്കതിനെ നീ:

അഭിശംസിയ്ക്കൂ ഭാഗ്യപൂർത്തിയെ:– ത്തരുണിമാ–
രഖിലം കാമിക്കുന്നതാണു നിൻ പദം ഭദ്രേ!'

ഝഝഝ

ആണ്ടുകളോടിച്ചാടിപ്പാഞ്ഞു തന്നാത്മാവിൻ പ–
ട്ടാടയിലാകെക്കുഞ്ഞിക്കാലടയാളം ചേർക്കെ,

അവളിന്നാലോചിച്ചുപോകയാം മച്ചിൽക്കിട–
ന്നരുമക്കുഞ്ഞുങ്ങളെത്താരാട്ടിയുറക്കുമ്പോൾ

നാലടിക്കുമ്പോളെഴുന്നേൽക്കണം പുലർച്ചയ്ക്കു
നാലുകെട്ടാകും ലോകം തൂത്തുവാരണം താനേ,

വെയ്ക്കണം, വിളമ്പണം, ആബാലവൃദ്ധം നോക്കി–
നില്ക്കണം പാകം, മുതുനിവർത്താനില്ലാ നേരം.

രാവുറങ്ങീടാം മൂന്നാം യാമത്തിൽ, ഇതാണെന്റെ
ജീവിതം, ഭർത്താവിനെക്കാണുന്നൂ വല്ലപ്പോഴും.

ശ്വശ്രുവെ, ശ്വശൂരനെ, ത്തറവാട്ടംഗങ്ങളെ–
ശ്ശുശ്രൂഷിപ്പതിലില്ലാ ലേശവും വൈമുഖ്യം മേ,

അവരിശ്ശുശ്രൂഷൈകജീവിതയ്ക്കുള്ളിൽക്കത്തു–
മഴലും സ്വപ്നങ്ങളും കണ്ടെങ്കി, ലലിഞ്ഞെങ്കിൽ!

അതുകണ്ടസ്വസ്ഥനാമെൻ പ്രിയൻ വിഴുങ്ങീടു–
മഴലും സ്വപ്നങ്ങളും കണ്ടെങ്കി,ലലിഞ്ഞെങ്കിൽ!

സഹ്യാദ്രിപോലെത്തുംഗശീർഷനും സ്ഥിരപാത്തും
സദ്യശോധനനുമാം കാന്തന്റെയങ്കത്തിങ്കൽ

ചത്തിതാ, കിടക്കുന്നൂ മജ്ജീവിതാദർശം പാഴ്–
മൃത്തിലാണ്ടൊരു കാട്ടുകഴുതശ്ശവംപോലെ!

ഭൂവിതിലൊരു നേർത്ത വേരിലേ മുളയ്ക്കുന്നൂ
കേവലാനന്ദത്തേൻപൂവല്ലികളെല്ലാമെന്നും

ആ വേരിന്നൊന്നേയുള്ളൂ പേരെന്നും സ്വാതന്ത്ര്യമെ–
ന്നാണതെന്നുമെൻ കൂന്ന നട്ടെല്ലു മൂളീടുന്നു.'

ഝഝഝ

മണി നാലടിക്കവേ, താൻ പിടിഞ്ഞെഴുന്നേൽക്കേ,
മയങ്ങും കുഞ്ഞുങ്ങളെക്കാന്തനെസ്സന്ദർശിക്കേ,

ഒട്ടൊരു നവോന്മേഷം പൂണ്ടിതാസ്ത്രീയും, സ്വന്തം
കുട്ടിയെത്തിന്നേ വിശപ്പടക്കും പൂച്ചയ്ക്കൊപ്പം:

'കണവൻ സ്നേഹം പെയ്യും ഞായറായ,ദ്ദേഹത്തിൻ
തനയന്മാരോ മുഗ്ദ്ധസ്മേരതാരകളായും

എന്നുടെ ചുറ്റും വലം വെയ്ക്കവേ, ഞാനാമിളയ്–
ക്കൊന്നിലുമസംതൃപ്തയാകുവാൻ പാടില്ലല്ലോ!

അർക്കന്നു ചേരും മുഴുതിങ്കളല്ല ഞാനെന്ന
ദുഃഖമേ, വിഴുങ്ങുന്നൂ നിന്നെ ഞാനൂർജ്ജസ്സോടെ.'

പൊന്നലുക്കുകളോടെത്തൻ കരൾത്തളത്തിങ്കൽ
മിന്നിടും വെളിച്ചത്തെ മറന്നേ പോയെന്നോണം

നൂതനദിനശ്രീയെപ്പൂജിച്ചാളന്തർഗ്ഗത–
ശ്വേതമന്ദാരത്താലും തൻ കരച്ചെന്താരാലും.

സ്ത്രൈണമമ്പലം പക്ഷേ, കണ്ടുവോ പൂർവ്വാചാര–
ക്ഷീണലോചനം ജീർണ്ണശ്വശുരഗൃഹം പാവം?

# വെണ്ണക്കല്ലിന്റെ കഥ

ഏതോ വിദൂരമാം ഗ്രാമത്തിൽപ്പണ്ടൊരു
ഗാതാവു വന്നുപിറന്നുവത്രേ.

കണ്ഠം തുറന്നവൻ പാടിത്തുടങ്ങവേ
കല്ലിനും കണ്ണീരുറന്നുവത്രേ.

ബാലൻ യുവാവായ കാലത്തു ചന്തവും
ശീലഗുണവും മനോബലവും

ഒത്തുചേർന്നീശ്വരകാരുണിപോലൊരു
മുഗ്ദ്ധയ്ക്കു നാഥനായ്ത്തീർന്നുവത്രേ.

നിസ്വരെന്നാകിലും തങ്ങളിൽനിന്നവർ
നിർവൃതി കോരിക്കുടിച്ചുവത്രേ.

ഝഝഝ

പെട്ടെന്നൊരു ദിനം ഗായകശ്രേഷ്ഠന്നു
കിട്ടുന്നു രാജനിദേശമേവം:

''നാളെത്തൊട്ടെൻ മന്ത്രശാലയിലുന്മേഷ–
നാളം കൊളുത്തണം ഗായകൻ നീ.''

അന്നം വിളിച്ച വിളിക്കവ'നുത്തര–
വെ'ന്നേ മറുപടി ചൊല്ലിയുള്ളു.

വറ്റാത്ത തപ്താശ്രുപോലൊരു വെള്ളിമീൻ
പിറ്റേന്നുദിച്ചു മുതിർന്ന നേരം

മുറ്റത്തിറങ്ങിത്തിരിഞ്ഞുനോക്കീടിന
മൂകനാം ഗായകൻ കണ്ടുവത്രേ

വാതിൽക്കൽ നിന്നു തളർന്നിടും തയ്യലിൻ
വാർമിഴിക്കോണിന്നിരുൾക്കയത്തിൽ

ഉജ്ജ്വലം രണ്ടു തിളക്കങ്ങൾ; മങ്ങാത്ത
വജ്രക്കല്ലെന്നവനോർത്തുവത്രേ.

ഝഝഝ

ഉന്നതശീർഷനാം മന്നന്റെ കോടീര–
പ്പൊന്നിൽ മുത്തായവൻ വാണ കാലം

നർത്തകിമാർതൻ നയനങ്ങൾ നിർദ്ദയം
കൊത്തുന്ന കാളഫണികൾപോലെ

പാറപോലുള്ള തന്നാത്മാവിൽപ്പോടുകൾ
പോറിയുണ്ടാക്കാൻ പരിശ്രമിക്കേ,

പാറയ്ക്കടിയിൽ സഹിഷ്ണുതയിങ്കൽനി–
ന്നൂറുമലിവും വരണ്ടുപോകേ,

ആടുംചിലമ്പുകൾക്കൊപ്പിച്ചൊരിക്കൽത്താൻ
പാടിത്തനിക്കുമദമ്യനാകേ,

പെട്ടെന്നു ചുണ്ടങ്ങിറുക്കിയത്രേ: സഭ–
ഞെട്ടിത്തെറിച്ചൂ മിഴിച്ചിരിക്കേ

ഉൽക്കടമായിച്ചിരിച്ചുവത്രേ; ചിരി
നില്ക്കാതെ മണ്ണിൽപ്പതിച്ചുവത്രേ.

മണ്ണിലബോധം കിടക്കവേ കൺകളിൽ–
കണ്ണുനീരുണ്ടായിരുന്നുവത്രേ.

ഊഊഊ

യാമങ്ങൾ നാളുകൾ മാസങ്ങൾ വർഷങ്ങ–
ളാ മനുഷ്യന്നുമുകളിലൂടെ

പൊട്ടിച്ചിരിത്തിരച്ചാർത്തിലലയുന്ന
പൊങ്ങുതടിപോൽക്കടന്നുപോയി.

രാജസദസ്സല്ല, നർത്തകിമാരല്ല.
രാജാവും മണ്ണിലുറക്കമായി.

എന്നോ കിടന്ന കിടപ്പിൽനിന്നേറ്റില്ല
പിന്നീടൊരിക്കലും പാട്ടുകാരൻ.

മണ്ണായ കൊട്ടാരരംഗത്തിലിന്നവൻ
മണ്ണായി ജീവിച്ചിരിക്കയത്രേ.

കണ്ണുനീർത്തുള്ളിയോ കാലത്തിൻ ശീതത്തിൽ–
ക്കല്ലായുറച്ചു വളർന്നുവന്നു,

മന്നിലെമ്പാടും പരന്നു; നാം വെണ്ണക്ക–
ല്ലെന്നു വിളിപ്പതതിനെയത്രേ.

ഊഊഊ

പിമ്പുപിമ്പുണ്ടായ മന്നവരിശ്ശോക–
ഗംഭീരസത്യമറിഞ്ഞിടാതെ,

ആയിരം ദാസിമാർക്കൊപ്പം മടമ്പിടി–
ച്ചാടിത്തിമർത്തു മെതിപ്പതിന്നായ്

മൂഢതയെക്കാളുപരിയൊന്നില്ലല്ലോ
മൂവുലകത്തിലും നിർഘൃണത്വം

വെട്ടിച്ചെടുത്താ മനോഹരവസ്തുവാൽ
കൊട്ടാരം തീർത്തുതുടങ്ങിയത്രേ!

എന്നിട്ടുമാക്കല്ലൊടുങ്ങീല ഭൂമിയി,–
ലെന്നല്ലതിന്നും വളർന്നിടുന്നു!

ഊഊഊ

ആരിപ്പഴങ്കഥയെന്നോടു ചൊല്ലിയെ–
ന്നാവില്ലെനിയ്ക്കു വിശദമാക്കാൻ:

സത്യമെന്നല്ലാതെ പേരവന്നില്ലല്ലോ,
ഹൃത്തൊഴിച്ചില്ലല്ലോ വിഗ്രഹവും.